SYRO-MALABAR VISION
A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD

# സീറോമലബാർ വിഷൻ

നവംബർ 2021 | പുസ്തകം 01 | ലക്കം 10 | സീറോമലബാർ സിനഡിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്ന വാർത്താപത്രം

## സഭയിൽ സമാധാനത്തിന്റെ പുതുയുഗപ്പിറവി: കർദിനാൾ മാർ ആലഞ്ചേരി



കൊച്ചി: നവീകരിച്ച കുർബാന ക്രമവും ഏകീകൃത അർപ്പണരീതിയും നിലവിൽ വന്നതോടെ സഭയിൽ സമാധാനത്തിന്റെ പുതുയുഗപ്പിറവിയാണു സാധ്യമായതെന്നു സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി.

നവീകരിച്ച കുർബാന ക്രമവും ഏകീകൃത അർപ്പണരീതിയും നിലവിൽ വന്ന ആരാധനക്രമവത്സരത്തിന്റെ ആദ്യദിനമായ നവംബർ 28-ാം തിയതി ഞായറാഴ്ച്ച സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ദിവ്യബലി അർപ്പിച്ചു സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

സഭയിൽ ഐക്യവും സമാധാനവും ഉണ്ടാകണമെന്നതു ദൈവതീരുമാനമാണ്. വിശുദ്ധ കുർബാന ദൈവത്തിന്റെ വലിയ ദാനമാണ്. പരിപൂർണ ഐക്യത്തിനായി കാത്തിരിക്കേണ്ടി വന്നാൽ അതിനും നാം തയാറാകണമെന്നും മാർ ആലഞ്ചേരി ഓർമിപ്പിച്ചു.

കൂരിയ ചാൻസിലർ റവ. ഡോ. വിൻസന്റ് ചെറുവത്തൂർ, ലിറ്റർജി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, കൂരിയായിലെ മറ്റു വൈദികർ എന്നിവർ സഹകാർമികരായിരുന്നു.

ലോകമെങ്ങുമുള്ള സഭയിലെ വിശ്വാസികൾക്കായി ദിവ്യബലിയുടെ തത്സമയ സംപ്രേഷണം ഉണ്ടായിരുന്നു.

## വിവാഹ രജിസ്ട്രേഷൻ; ക്രൈസ്തവ വിശ്വാസം മാനിക്കുന്നില്ല; വിമർശിച്ച് ഇന്റർ ചർച്ച് കൗൺസിൽ



ചങ്ങനാശ്ശേരി: ഇന്റർ ചർച്ച് കൗൺസിലിന്റെ യോഗം നവംബർ 30-ാം തീയതി ചൊവ്വാഴ്ച ചങ്ങനാശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിൽ വച്ച് രാവിലെ പത്തുമണിക്ക് നടന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ പുതിയ കതോലിക്കയായി ചുമതലയേറ്റ ബസിലിയോസ് മാർതോമ്മാ മാത്യൂസ് മൂന്നാമനെയും മാർത്തോമ്മാ മെത്രാപ്പോലീത്താ മാർ തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായെയും അനുമോദിച്ച യോഗത്തിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി അധ്യക്ഷത വഹിച്ചു.

വിവാഹത്തെ ദൈവീകമായ ചടങ്ങായാണ് ക്രൈസ്തവർ കാണുന്നതെന്നു ചൂണ്ടികാട്ടിയാണ് പുതിയ വിവാഹ റജിസ്ട്രേഷൻ നിബന്ധനകൾക്കെതിരെ ഇന്റർ ചർച്ച് കൗൺസിൽ പരസ്യമായി രംഗത്തെത്തിയത്. വിവാഹത്തെ സിവിൽ നടപടിക്രമമായി മാത്രം കാണുന്നെന്നും വിവാഹം രണ്ടു വ്യക്തികളുടെ ഉടമ്പടി മാത്രമല്ലെന്നും കൗൺസിൽ പറയുന്നു. വിവാഹം റജിസ്റ്റർ ചെയ്യുന്നതിനു നേരത്തെയുള്ള നിയമത്തിലെ ചട്ടങ്ങളിൽ നിന്നും വ്യത്യസ്തമായി വിവാഹം നടന്നതിനു തെളിവായി ഗസറ്റഡ് ഓഫിസറോ, എം.പിയോ, എം.എൽ.എയോ തദ്ദേശസ്ഥാപന അംഗമോ ഫോം രണ്ടിൽ നൽകുന്ന സാക്ഷ്യപത്രം മതിയാകും. മതാധികാരസ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിനു പകരമായി ഇതുപയോഗിക്കാം. മാത്രമല്ല ജനന തീയതി തെളിയിക്കുന്ന രേഖകളും വിവാഹം നടന്നതിനുള്ള തെളിവും മാത്രം റജിസ്ട്രേഷനു മതിയാകും. സംസ്ഥാനത്ത് വിവാഹം റജിസ്റ്റർ ചെയ്യുന്നതിലെ ഇത്തരം പുതിയ നിർദേശങ്ങൾക്കെതിരെ ഇന്റർ ചർച്ച് കൗൺസിൽ വിമർശനം രേഖപ്പെടുത്തി.

ചടങ്ങിൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം സ്വാഗതം ആശംസിച്ചു സംസാരിച്ചു. പേട്രിയാർക്കൽ അഡ്മിനിസ്ട്രേറ്റർ മാർ ഔഗിൻ കുര്യാക്കോസ് നന്ദി പ്രകാശനം നടത്തി.

## ഐക്യത്തിന്റെ പുതുയുഗം യാഥാർത്ഥ്യമായി: മീഡിയാ കമ്മീഷൻ

കാക്കനാട്: ഏകീകരിച്ച വിശുദ്ധ കുർബാനക്രമം നടപ്പിൽ വന്നതോടെ ദശാബ്ദങ്ങളായുള്ള സീറോമലബാർ സഭാമക്കളുടെ പ്രതീക്ഷ സഫലമായി. സഭയിലെ പുതിയ യുഗത്തിന്റെ പ്രാരംഭമായി ഏകീകൃത കുർബാനയർപ്പണരീതിയുടെ തുടക്കത്തെ കർദിനാൾ മാർ ജോർജ് ആലഞ്ചേരി വിശേഷിപ്പിച്ചത് തികച്ചും അർത്ഥപൂർണ്ണമാണ്. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റി വച്ച് സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്താൻ അധ്വാനിച്ച എല്ലാ വിശ്വാസികളും വൈദികരും സന്യസ്തരും സഭയുടെ മുഴുവൻ അഭിനന്ദനം അർഹിക്കുന്നു. മാർപാപ്പയും പൗരസ്ത്യസഭകളുടെ കാര്യാലയവും നൽകിയ മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിലാണ് 2021 ആഗസ്റ്റ് മാസത്തിൽ ചേർന്ന സഭാസിനഡ് വിശുദ്ധ കുർബാനയർപ്പണ രീതി ഏകീകരിക്കാൻ തീരുമാനിച്ചത്.

രണ്ടു രൂപതകളിൽ മാത്രമേ നിർദ്ദിഷ്ട സിനഡ്ക്രമം നടപ്പിലാക്കാൻ സാവകാശം ആവശ്യമായി വന്നുള്ളൂ എന്നത് ഏറെ ശ്രദ്ധേയമാണ്. സീറോമലബാർ സഭയിലെ മറ്റെല്ലാ രൂപതകളും നടപ്പിലാക്കിയ ഏകീകൃത ബലിയർപ്പണരീതിയിലേക്ക്, ഇപ്പോൾ സാവകാശം നൽകിയിരിക്കുന്ന രൂപതകളുംകൂടി താമസംവിനാ കടന്നുവരും. ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കാൻ സാവകാശം ആവശ്യമുള്ള രൂപതകൾക്ക് 2022 ഏപ്രിൽ മാസം വരെ സിനഡ് സമയം അനുവദിച്ചിരുന്നു.

സീറോമലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ ധീരമായ നേതൃത്വവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുമാണ് കൂട്ടായ്മയുടെ വലിയ സാക്ഷ്യത്തിന് വഴിയൊരുക്കിയത്. സഭയുടെ സ്ഥിരംസിനഡ് അംഗങ്ങളായ മാർ ആൻഡ്രൂസ് താഴത്ത്, മാർ മാത്യു മൂലക്കാട്ട്, മാർ ജോർജ് ഞറളക്കാട്ട്, മാർ ജേക്കബ് മനത്തോടത്ത് എന്നീ പിതാക്കന്മാരുടെ ശക്തമായ നിലപാടുകൾ പ്രതിസന്ധിഘട്ടങ്ങളിൽ സഭയ്ക്കു ദിശാബോധം നൽകി. കൂടുതൽ ഐക്യത്തിലേക്കും സുവിശേഷാരൂപിയിലേക്കും വളരുവാനുള്ള അവസരമാണ് ഏകീകൃത ബലിയർപ്പണ രീതി നടപ്പിലാക്കിയതിലൂടെ സഭയ്ക്കു കൈവന്നിരിക്കുന്നതെന്ന് മീഡിയാ കമ്മീഷൻ വിലയിരുത്തി.

**കാനൻ 1538 പ്രകാരം പ്രത്യേക സന്ദർഭങ്ങളിൽ പൊതുനിയമത്തിൽ നിന്ന് ഒഴിവു നൽകാൻ രൂപതാധ്യക്ഷനുള്ള അനുവാദം നിലനിൽക്കുന്നു എന്നു മാത്രമാണ് പൗരസ്ത്യ തിരുസംഘം നിരീക്ഷിച്ചിട്ടുള്ളത്. എന്നാൽ ഈ കാനന്റെ വിനിയോഗത്തെക്കുറിച്ച് 2020 നവംബർ 9ന് പൗരസ്ത്യ തിരുസംഘംതന്നെ നൽകിയ വ്യാഖ്യാനങ്ങൾക്കും നിബന്ധനകൾക്കും വിരുദ്ധമായാണ് ചില രൂപതകൾ ഇപ്പോൾ ഒഴിവുകൾ നൽകിയിരിക്കുന്നത് എന്നത് വ്യക്തമാണ്. സ്ഥലകാല പരിധികൾ കൂടാതെ പൊതുനിയമത്തെ അസാധുവാക്കുന്ന തരത്തിലുള്ള ഒഴിവുകൾ നൽകുന്നത് കാനൻ 1538ന്റെ ദുരുപയോഗമാണെന്ന് പൗരസ്ത്യതിരുസംഘം തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്രകാരം നല്കുന്ന ഒഴിവുകൾ പ്രത്യേക സന്ദർഭങ്ങളിലും നിയതമായി നിശ്ചയിക്കപ്പെട്ട കാരണങ്ങളുടെ പേരിലും നിശ്ചിത കാലത്തേക്കും മാത്രമായിരിക്കണമെന്നും പൗരസ്ത്യ തിരുസംഘം നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ ചില രൂപതകളിൽ നൽകപ്പെട്ട കല്പനകളുടെ സാധുതയെക്കുറിച്ച് പൗരസ്ത്യതിരുസംഘം തന്നെ വിശദീകരണം നൽകുമെന്ന് പ്രതീക്ഷിക്കാം.**

# സഹയാത്രികസഭയ്ക്ക് വാതിലുകൾ തുറന്ന് ഫ്രാൻസിസ് മാർപാപ്പ



ഷെവലിയർ അഡ്വ.
വി.സി. സെബാസ്റ്റ്യൻ

ലോകം നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ ഉറച്ച നിലപാടുകളും വ്യക്തമായ കാഴ്ചപ്പാടുകളും പങ്കുവച്ചു സഭാമക്കളെ മാത്രമല്ല ദരിദ്രരെയും അഭയാർഥികളെയും സമൂഹത്തിൽ വേദനിക്കുന്നവരെയും നെഞ്ചോടുചേർത്ത് ജനമനസുകളിൽ ഇടംനേടിയ ഫ്രാൻസിസ് മാർപാപ്പ സഹയാത്രികസഭയ്ക്കു വാതിലുകൾ തുറന്ന് കത്തോലിക്കാസഭയ്ക്കുള്ളിലും ചരിത്രം തിരുത്തുന്നു.

മൂന്നാം സഹസ്രാബ്ദത്തിലെ ആഗോള കത്തോലിക്കാസഭയ്ക്കു വ്യക്തമായ ഉൾക്കാഴ്ചയും ആത്മീയ ഉണർവുമേകി വിശുദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ 2023 ഒക്ടോബറിൽ ചേരുന്ന മെത്രാൻസിനഡിന്റെ മുന്നൊരുക്കമായ ചർച്ചകൾക്ക് 2021 ഒക്ടോബർ 10ന് വത്തിക്കാനിൽ മാർപാപ്പ തുടക്കംകുറിച്ചു. യേശു ജനങ്ങൾക്കിടയിലൂടെ സഞ്ചരിച്ച് നടത്തിയ ജീവിതശൈലിയും ശുശ്രൂഷയും അനുസ്മരിച്ചാണ് 2023 ഒക്ടോബർ വരെയുള്ള സിനഡാത്മകയാത്ര. ദൈവജനത്തിന്റെ ഒരുമിച്ചുള്ള യാത്രയായ സഹയാത്രികസഭാകൂട്ടായ്മയിൽ പങ്കുചേരാൻ പരിശുദ്ധാത്മാവിൻറെ കൃപയും ഒപ്പമുള്ളവരെ ശ്രവിക്കാനുള്ള ആത്മാർഥമായ തുറവിയും മതിയെന്നും മാർപാപ്പ സൂചിപ്പിക്കുന്നു.

## ഒരുമിച്ച് യാത്രചെയ്യൽ

സിനഡ് എന്ന ഗ്രീക്ക് പദത്തിനർഥം 'ഒരുമിച്ച് യാത്രചെയ്യൽ' എന്നതാണ്. സിനഡിൻറെ മലയാള രൂപമാണ് സൂനഹദോസ്. ദൈവരാജ്യത്തിലേക്കുള്ള ഒരുമിച്ചുള്ള യാത്ര. കത്തോലിക്കാസഭയിൽ മെത്രാന്മാരുടെ സിനഡ് ഒരു സുപരിചിത പദമാണ്. 1965ൽ അവസാനിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷമാണ് വിവിധ രാജ്യങ്ങളിലെ മെത്രാൻ സമിതികളിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ സമ്മേളനമായി മാർപാപ്പ സിനഡ് വിളിച്ചുചേർക്കുന്നത്.

ഇതുവരെ 15 സാധാരണ സിനഡുകളും 3 അസാധാരണ സിനഡുകളും 11 പ്രത്യേക സിനഡുകളും നടന്നു. ഇപ്പോൾ തുടക്കംകുറിച്ച സിനഡാത്മക സഭയ്ക്കായുള്ള ചരിത്രപരമായ ഒരുമിച്ചുള്ള യാത്ര 16-ാമത് സാധാരണ സിനഡാണ്.

മുൻകാല സിനഡുകളിൽനിന്ന് ഏറെ വ്യത്യസ്തമാണ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന സിനഡ്. ആനുകാലിക ആഗോള വിഷയങ്ങളെക്കുറിച്ചുള്ള പഠനരേഖയെ അടിസ്ഥാനമാക്കി പങ്കുവയ്ക്കലുകളും തുടർന്ന് സഭയുടെ മാർഗനിർദേശങ്ങളുമായുള്ള പ്രമാണരേഖ പുറപ്പെടുവിക്കുന്ന കഴിഞ്ഞകാല ശൈലിയിൽനിന്നു മാറി വിവിധ വിഷയങ്ങളിൽ ദൈവജനത്തിൻറെയൊന്നാകെ ചർച്ചകളും പങ്കാളിത്തവും ഉറപ്പാക്കുന്ന വികേന്ദ്രീകൃത സിനഡാണിത്.

മാർപാപ്പ മുതൽ സാധാരണ വിശ്വാസിവരെ സഭാംഗങ്ങളെല്ലാവരും അഥവാ ദൈവജനമൊന്നാകെ ഒരുമിച്ചു ചിന്തിച്ച് പങ്കുവച്ച് സംവദിച്ചു തീരുമാനങ്ങളെടുത്ത് ഒരുമിച്ചു യാത്രചെയ്യുന്ന സഹയാത്രികസഭയാണ് മൂന്നാം സഹ സ്രാബ്ദത്തിൽ മാർപാപ്പ സ്വപ്നംകാണുന്നത്.

## സിനഡ് ചിന്താവിഷയം

'ഒരുമിച്ചുള്ള യാത്ര' ഇന്നത്തെ സഭയുടെ പ്രവാചക ദൗത്യമായി മാർപാപ്പ അവതരിപ്പിക്കുന്നു. സഭയുടെ സത്തയും സ്വഭാവവും എന്തായിരിക്കണമെന്നതിന് സഹയാത്രികസഭ അഥവാ സിനഡാത്മകസഭ എന്ന സഭാവിജ്ഞാനീയതലം അവതരിപ്പിച്ച് മാർപാപ്പ മാർഗനിർദേശം നൽകുന്നു.

ഈ ചിന്താധാരകളുടെ അടിസ്ഥാനത്തിലാണ് സഭയുടെ അടിത്തട്ടുമുതൽ വികേന്ദ്രീകൃതസിനഡിൻറെ വിചിന്തനത്തിനും പങ്കുവയ്ക്കലുകൾക്കുമായി 'സിനഡാത്മക (സഹയാത്രിക) സഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം' എന്ന ചിന്താവിഷയം പ്രഖ്യാപിച്ചിരിക്കുന്നത്.

രണ്ടാം വത്തിക്കാൻ സൂനഹദോസിൻറെ അനുഭവങ്ങൾ മെത്രാൻ സിനഡുകളിലൂടെ തുടരാൻ പോൾ ആറാമൻ മാർപാപ്പ ആഹ്വാനം ചെയ്തിരുന്നു. തന്റെ മുൻഗാമികളായ മാർപാപ്പമാരുടെ പഠനങ്ങളോടുചേർന്നാണ് സിനഡാത്മക സഭയെക്കുറിച്ചുള്ള ചിന്തകൾ ഫ്രാൻസിസ് പാപ്പായും പങ്കുവയ്ക്കുന്നത്. ദൈവജനമൊന്നാകെ ഒരുമിച്ച് യാത്രചെയ്ത് ഇന്നലെകളിലെ യാത്രാനുഭവങ്ങൾ വിശകലനം ചെയ്തും ഇവയിൽനിന്ന് പാഠങ്ങൾ പഠിച്ചും മുന്നോട്ടുനീങ്ങുമ്പോൾ സഭയുടെ കൂട്ടായ്മയിലും പങ്കാളിത്തത്തിലും പ്രേഷിതദൗത്യത്തിലും ആഴപ്പെടുമെന്ന് മാർപാപ്പ വിശ്വാസീസമൂഹത്തെ ഓർമിപ്പിക്കുന്നു.




## അനിവാര്യത

സിനഡാത്മകത സഭയുടെ ഹയരാർക്കിയുടെ ഭാഗമോ, ഭരണപരമായ സംവിധാനമോ മാത്രമായി കാണാതെ സഭയുടെ ജീവിതശൈലിയും പ്രവർത്തനവഴിയുമായി മനസിലാക്കപ്പെടണം. സഭയുടെ പ്രേഷിതദൗത്യത്തിന്റെ ചാലകശക്തി സിനഡാത്മകതയാണ്; അത് വിശുദ്ധഗ്രന്ഥത്തിൽ വെളിപ്പെടുന്ന ജീവിതശൈലിയാണ്; ത്രിത്വൈക ദൈവിക കൂട്ടായ്മയിലും സഭയുടെ വിശുദ്ധ പാരമ്പര്യത്തിലും ഉൾച്ചേർന്ന ശൈലിയാണ്.

ഇത് ശ്ലൈഹികമായ ശൈലി ആയതിനാൽ വിശ്വാസത്തിന്റെ സംരക്ഷകരും ചുമതലക്കാരുമായിരിക്കുന്ന അജപാലകർ വിശ്വാസീസമൂഹത്തെ ഭയമില്ലാതെ ഏറെ താല്പര്യത്തോടെ ശ്രവിച്ച്, സാർവത്രികസഭയുടെ വിശ്വാസകൂട്ടായ്മയോടും ദൈവജനത്തിൻറെ പൊതുവിശ്വാസബോധ്യത്തോടും അവരെ ചേർത്തുനിർത്താൻ പരിശ്രമിക്കേണ്ടതുണ്ട്.

സഭയുടെ നവീകരണത്തിന് അത്യന്താപേക്ഷിതമായി മാർപാപ്പ കാണുന്ന രണ്ടു പ്രധാന ഘടകങ്ങളാണ് ശ്രവിക്കലും തുറവിയും. സഭയിൽനിന്ന് ആരെയും മാറ്റിനിർത്താനാവില്ല. എല്ലാവരെയും ശ്രവിക്കണം.

## മൂന്ന് പ്രധാന ഘടകങ്ങൾ

സഹയാത്രികസഭയുടെ ഏറ്റവും പ്രധാനപ്പെട്ട മൂന്നു ഘടകങ്ങളാണ് 'കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം' എന്നിവ. കൂട്ടായ്മയും ദൗത്യവും സഭയുടെ നിഗൂഢതയെ വിവരിക്കുന്നു. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകളിൽ ക്രിസ്തീയ കൂട്ടായ്മ ദൈവവുമായുള്ള മാനവകുടുംബത്തിന്റെ അടുപ്പത്തിന്റെ അടയാളമായി ശുശ്രൂഷ ചെയ്യാനുള്ള സഭയുടെ ദൗത്യമാണ്. ദൗത്യത്തെ പ്രേഷിതദൗത്യമെന്ന സഭാചിന്താധാരകളിലൂടെ കാണേണ്ടതാണ്. പ്രേഷിതദൗത്യം ഇന്നത്തെ ലോകത്തോടുള്ള അപ്പസ്തോലിക പ്രതിബദ്ധതയാണ്. പങ്കാളിത്തത്തെ പ്രാതിനിധ്യത്തിൽ മാത്രം സഭ കാണുന്നില്ല.

മാമ്മോദീസ സ്വീകരിച്ച എല്ലാവരെയും പങ്കാളികളാക്കാൻ പ്രാപ്തരാക്കേണ്ടത് സഭാപരമായ കടമയാണ്. ജ്ഞാനസ്നാനമാണ് സഭാഗണത്തിന്റെ തിരിച്ചറിയൽ കാർഡ്. ദൈവജനമാണ് സഭ. പരസ്പരം ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്.

ആത്മീയ വിവേചനയാത്രയെന്നാണ് വരാൻപോകുന്ന സിനഡിനെ മാർപാപ്പ വിശേഷിപ്പിക്കുന്നത്. രണ്ടുവർഷക്കാലത്തെ യാത്രയിൽ ദൈവജനം പരസ്പരം സംസാരിക്കും. വഴിയിൽവച്ചു സ്വയം വിലയിരുത്തും. അവസാനം മാറ്റങ്ങൾ സംഭവിക്കും. ദൈവകൃപയുടെ അനുഭവമുണ്ടാകും. ഈ സിനഡ് ഒരു കൺവൻഷനോ രാഷ്ട്രീയ സമ്മേളനമോ പഠനകോൺഫറൻസോ അല്ല. ഹൃദയവാതിലുകളെ പുതിയ ചക്രവാളങ്ങളിലേക്ക് തുറന്നിടാനുള്ള അവസരമാണ്.

## മൂന്ന് ആഗോള തലങ്ങൾ

രൂപത, ഭൂഖണ്ഡം, സാർവത്രികം എന്നിങ്ങനെ മൂന്നു തലങ്ങളിലാണ് സിനഡാത്മകസഭയ്ക്കായുള്ള സിനഡ് ക്രമപ്പെടുത്തിയിരിക്കുന്നത്. വിവിധ രാജ്യങ്ങളിലെ കത്തോലിക്കാരൂപതകൾ, കുടുംബങ്ങൾ, കൂട്ടായ്മകൾ, സംഘടനകൾ, ഇടവകകൾ എന്നിങ്ങനെ എല്ലാ തലങ്ങളിലുമുള്ള സംവാദങ്ങളും ചർച്ചകളും ചിന്തകളുടെ പങ്കുവയ്ക്കലുകളുമുണ്ടാകണം.

വിശ്വാസികൾ എല്ലാം തികഞ്ഞവരല്ല. സംശയാലുക്കളും ആത്മീയവാദികളും ധാർമികവാദികളും വർഗീയവാദികളും ഒക്കെയുണ്ടാവാം. പള്ളിയിൽ പോകുന്നവരെയും സഭാസംവിധാനങ്ങളോട് ചേർന്നുനിൽക്കുന്നവരെയും മാത്രമല്ല, മാമ്മോദീസ സ്വീകരിച്ച സകലരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സിനഡൊരുക്ക ചർച്ചകളാണ് നടത്തേണ്ടതെന്ന് വത്തിക്കാൻ പ്രത്യേകം നിർദേശിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാർ, അഭയാർഥികൾ, കുടിയേറ്റക്കാർ, വയോധികർ, ദരിദ്രർ, അപൂർവമായി മാത്രം പള്ളിയിൽ പോകുന്നവർ എന്നിങ്ങനെ ഒഴിവാക്കപ്പെടാൻ സാധ്യതയുള്ള വ്യക്തികൾക്ക് പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകണമെന്നു വത്തിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആരെയും ഒഴിവാക്കാതെ എല്ലാവരെയും ഉൾക്കൊള്ളാൻ സാധിക്കുമ്പോൾ മാത്രമേ പങ്കാളിത്തമുണ്ടാകൂ. വിവിധ തലങ്ങളിലും എല്ലാ പ്രായത്തിലുമുള്ളവരെ തുറന്ന മനസോടെ ശ്രവിക്കാനും സംഭാഷണങ്ങൾ നടത്താനും സാധിക്കണം.

## 10 പ്രായോഗിക തലങ്ങൾ

കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം എന്നീ മൂന്നു മുഖ്യ ചിന്താധാരകളോടു ചേർന്ന് നമ്മുടെ ചിന്തകൾ കൂടുതൽ പ്രായോഗിക തലത്തിലും വിശാലമേഖലകളിലും ഉന്നയിക്കപ്പെടുന്നതിന് പത്തുതലങ്ങൾകൂടി ചൂണ്ടിക്കാണിക്കുന്നു: 1. സഹയാത്രികതയിലെ സുഹൃത്തുക്കൾ ആരൊക്കെയാണ് 2. തുറന്ന ഹൃദയവും മനസുമുണ്ടാകുവാനുള്ള പരസ്പര ശ്രവണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മുൻവിധികളില്ലാതെ പരസ്പരം ശ്രവിക്കുന്നു. 3. ആത്മധൈര്യത്തോടും സ്വാതന്ത്ര്യത്തോടുമുള്ള സ്നേഹംനിറഞ്ഞ തുറന്ന സംസാരം 4. കൗദാശികാഘോഷങ്ങളിലുള്ള പങ്കുചേരൽ അഥവാ വചനം ശ്രദ്ധയോടെ ശ്രവിച്ചും ദിവ്യബലിയിൽ സജീവമായി പങ്കെടുത്തും വിശ്വാസം ആഘോഷിക്കുന്നു. 5. പ്രേഷിത ദൗത്യത്തിലുള്ള കൂട്ടുത്തരവാദിത്വവും സജീവ പങ്കാളിത്തവും. 6. സഭയിലും സമൂഹത്തിലും രൂപപ്പെടേണ്ട സംവദനശൈലി അഥവാ ഉള്ളുതുറന്ന് സംസാരിക്കുന്നു. 7. മറ്റു ക്രൈസ്തവ സഭാവിഭാഗങ്ങളുമായുണ്ടാകേണ്ട സഹയാത്രികത 8. സഭയിലെ അധികാര ശുശ്രൂഷയും പങ്കാളിത്ത സ്വഭാവവും സേവന മനോഭാവത്തോടെ. 9. വിവേചിച്ചറിയലും തീരുമാനങ്ങളെടുക്കലും. എല്ലാ കാര്യങ്ങളിലും എല്ലാ തലങ്ങളിലും പരിശുദ്ധാത്മാവിൽനിന്ന് ശക്തിയും പ്രചോദനവും ഉൾക്കൊണ്ട് ഒരുമിച്ച് മുന്നേറുന്നു. 10. വ്യക്തിജീവിതത്തിലും കുടുംബത്തിലും പുലരേണ്ട സിനഡാത്മകതയിൽ നമ്മെത്തന്നെ പങ്കുകാരാക്കുക.

## ലക്ഷ്യം വ്യത്യസ്തമായ സഭ

സിനഡാത്മകസഭയുടെ ലക്ഷ്യം മറ്റൊരുസഭയല്ല. മറിച്ച് വ്യത്യസ്തമായ സഭയാണ്. ഫ്രാൻസിസ് പാപ്പാ ഫാ. യീവ്സ് മേരി ജോസഫ് കോംഗാറിനെ ഉദ്ധരിച്ചുകൊണ്ടു പറയുന്ന വാക്കുകൾ ദൈവജനം കാതോർക്കുക. 'മറ്റൊരു സഭ സൃഷ്ടിക്കേണ്ട ആവശ്യമില്ല. വ്യത്യസ്തമായൊരു സഭ സൃഷ്ടിക്കുക'.

വ്യത്യസ്തമായൊരു സഭയ്ക്കുവേണ്ടി ദൈവജനമൊന്നാകെ ഒരുമിച്ചുള്ള യാത്രയ്ക്കുവേണ്ടിയാണ് ഫ്രാൻസിസ് മാർപാപ്പ സഭയുടെ വാതിലുകൾ തുറന്നിരിക്കുന്നത്. ഒരുമയുടെയും സ്വരുമയുടെയും അനുരഞ്ജനത്തിൻറെയും അനുസരണയുടെയും പാതകളിലൂടെ കൂട്ടായ്മയും പങ്കാളിത്തവും പ്രേഷിതദൗത്യവും മുഖമുദ്രയാക്കി നമുക്കു നീങ്ങാം.

കടപ്പാട്: ദീപിക ദിനപത്രം

# ജെ. ബി. കോശി കമ്മീഷൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയെ സന്ദർശിച്ചു

കാക്കനാട്: കേരളത്തിലെ ക്രൈസ്തവ വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ പഠിക്കുന്നതിനു സംസ്ഥാന സർക്കാർ നിയമിച്ച ജെ. ബി. കോശി കമ്മീഷൻ സീറോമലബാർ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിലെത്തി മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയെ സന്ദർശിച്ചു. കമ്മീഷൻ അംഗങ്ങളായ ഡോ. ക്രിസ്റ്റി ഫെർണ്ണാണ്ടസ്, ഡോ. ജേക്കബ് പുന്നൂസ്, സെക്രട്ടറി സി. വി. ഫ്രാൻസിസ് (റിട്ട. ജഡ്ജ്) എന്നിവരും ചെയർമാർ ജസ്റ്റിസ് ജെ. ബി. കോശിയോടൊപ്പം ഉണ്ടായിരുന്നു. സീറോമലബാർ സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത്, കൺവീനർ ബിഷപ് തോമസ് തറയിൽ, മെമ്പർ ബിഷപ് ജോസഫ് പാംബ്ലാനി, പറോക് ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ ബിഷപ് ടോണി നീലങ്കാവിൽ എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.





കൂടിക്കാഴ്ചയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ വച്ച് സീറോമലബാർസഭയുടെ നിവേദനം മേജർ ആർച്ചുബിഷപ്പിന്റെ സാന്നിധ്യത്തിൽ ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് ജസ്റ്റിസ് ജെ. ബി. കോശിക്കു സമർപ്പിച്ചു. തൃശൂർ അതിരൂപതയിൽ പ്രവർത്തിക്കുന്ന പറോക്ക് ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ പഠന റിപ്പോർട്ടും കമ്മീഷന് സമർപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ട് അഡ്വ. ബിജു പറയനിലം, ദിവ്യകാരുണ്യ സന്യാസിനി സമൂഹത്തിന്റെ മദർ ജനറൽ സി. ഗ്രേസ് പെരുമ്പനാനി, ഡോ. മേരി റെജിന, പ്രഫ. കെ. പി. മാണി, ഫാ. ജയിംസ് കൊക്കാവയലിൽ, ഫാ. സൈജോ തൈക്കാട്ടിൽ, ഫാ. സാജൻ മാറോക്കി, ബിബിൻ അലക്സ് എന്നിവരോടൊപ്പം സഭാകാര്യാലയത്തിലെ വൈദികരും സിസ്റ്റേഴ്സും ചടങ്ങിൽ പങ്കെടുത്തു.


സീറോമലബാർസഭയുടെ നിവേദനം പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ നേതൃത്വത്തിലാണ് തയ്യാറാക്കിയത്. കേരളത്തിലെ രൂപതകളിൽ പറോക് ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ നടത്തിയ സർവേയുടെ അടിസ്ഥാനത്തിലും വിവിധ രൂപതകളിൽ നിന്നു ലഭിച്ച വിവരങ്ങളും പ്രാദേശിക പ്രശ്നങ്ങളും പ്രതിസന്ധികളും ശാസ്ത്രീയമായി അപഗ്രഥിച്ചുമാണ് റിപ്പോർട്ട് തയ്യാറാക്കിയത്. പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ മേൽനോട്ടത്തിൽ ഡോ. ചാക്കോ കാളാംപറമ്പിൽ, ഡോ. മേരി റെജീന, അഡ്വ. ജോജി ചിറയിൽ, ബിബിൻ അലക്സ്, ഫാ. നോബിൾ പാറയ്ക്കൽ, ഫാ. ജയിംസ് കോക്കാവയലിൽ എന്നിവരാണ് സീറോമലബാർ സഭയ്ക്കുവേണ്ടി നിവേദനം തയ്യാറാക്കിയത്.

പറോക് ഗവേഷ കേന്ദ്രം സമർപ്പിച്ച പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് കേരളത്തിലെ സീറോമലബാർ രൂപതകളിലെ ഏഴായിരത്തോളം കുടുംബങ്ങളുടെ സാമൂഹിക - സാമ്പത്തിക - വിദ്യാഭ്യാസ സ്ഥിതിവിവരകണക്കുകളുടെയും കേരള സർക്കാർ നടത്തിയിട്ടുള്ള കേരള മൈഗ്രേഷൻ സർവേയുടെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ഫലങ്ങളുടെയും അടിസ്ഥാനത്തിലുമാണ്. ഈ രണ്ട് പഠനങ്ങളും സഭാംഗങ്ങളുടെ ആസ്തി, സാമ്പത്തിക നിലവാരം, വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ പങ്കാളിത്തം എന്നിവയിലെ പിന്നോക്കാവസ്ഥയും ഇതു മൂലമുണ്ടായിട്ടുള്ള സാമൂഹ്യ പിന്നോക്കാവസ്ഥയും വെളിപ്പെടുത്തുന്നതാണ്. വിവിധ മേഖലകളിലെ പ്രതിസന്ധികളും പ്രത്യേകിച്ചു ദുർബല വിഭാഗങ്ങളുടെ പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗങ്ങളും പഠന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# അന്തർദേശീയ സീറോമലബാർ മാതൃവേദി വലിയ കുടുംബങ്ങളുടെ സംഗമം നടത്തി

കൊച്ചി: അന്തർദേശീയ സീറോമലബാർ മാതൃവേദിയുടെ നേതൃത്വത്തിൽ എല്ലാ സീറോമലബാർ രൂപതകളിലെയും വലിയ കുടുംബങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് 'Amor Familia' എന്ന കുടുംബ സംഗമം നടത്തി. സീറോമലബാർ സഭാ അദ്ധ്യക്ഷൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം നിർവഹിച്ചു. ദൈവത്തിന്റെ ശ്വാസം ആണ് ഓരോ മനുഷ്യരും, അതിനാൽ ജീവൻ സംരക്ഷിക്കാൻ നാം ഓരോരുത്തരും കടപ്പെട്ടവരാണെന്നും മാതൃവേദി വലിയ കുടുംബങ്ങളുടെ സംരക്ഷകർ ആകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മാതൃവേദി ബിഷപ് ലെഗേറ്റ് മാർ ജോസ് പുളിക്കൻ തന്റെ അനുഗ്രഹപ്രഭാഷണത്തിൽ വലിയ കുടുംബങ്ങളെ അഭിനന്ദിക്കുകയും ദൈവത്തിന്റെ സ്നേഹസമ്മാനം ധൈര്യത്തോടെ ഏറ്റെടുത്തവരാണ് ഓരോ വലിയ കുടുംബവും എന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു. മാതൃവേദി പ്രസിഡന്റ് ഡോ. കെ.വി. റീത്താമ്മ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ റവ. ഫാ. വിൽസൻ എലുവത്തിങ്കൽ കൂനൻ ആമുഖ പ്രഭാഷണം നട ത്തി. സി എം സി കോൺഗ്രിഗേഷൻ മദർ ജനറൽ സി സ്റ്റർ ഗ്രേസ് തെരേസ, സാബു ജോസ് (സെക്രട്ടറി പ്രോലൈഫ് അപ്പോസ്തലേറ്റ്, ആനിമേറ്റർ കെസിബിസി പ്രോലൈഫ് സ്റ്റേറ്റ് കമ്മിറ്റി) എന്നിവർ ആശംസകൾ അർപ്പിച്ചു. തലശ്ശേരി അതിരൂപത അംഗം ഷാജി




ബോബി ദമ്പതികളും താമരശ്ശേരി രൂപത അംഗം മാത്യു സിനി ദമ്പതികളും തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവെച്ചു. പ്രസ്തുത യോഗത്തിൽ റോസിലി പോൾ തട്ടിൽ, അന്നമ്മ ജോൺ തറയിൽ, ബീന ബിറ്റി, റിൻസി ജോസ്, മേഴ്സി ജോസഫ്, ടെസ്സി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

# ആരാധനക്രമം സഭയുടെ അമൂല്യസമ്പത്ത്: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കാക്കനാട്: ആരാധനക്രമം സഭയുടെ അമൂല്യസമ്പത്തും തനിമയുടെ അടയാളവുമാണെന്ന് സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രസ്താവിച്ചു. സീറോമലബാർ സഭയുടെ ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ നവീകരിച്ച കുർബാനക്രമത്തെക്കുറിച്ച് 'ലിത്തൂർജിയ 2021' എന്ന പേരിൽ നടന്ന വെബിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കർദിനാൾ. നവംബർ 7 മുതൽ 10 വരെയായിരുന്നു വെബിനാർ നടന്നത്. സീറോമലബാർ സഭ ആരാധനക്രമനവീകരണത്തിന്റെ പാതയിലൂടെ കടന്നുപോവുകയാണ്. ഒരേ രീതിയിൽ ബലിയർപ്പിക്കുന്ന സുദിനത്തിനായി സഭ കാത്തിരിക്കുകയാണെന്നും ഏകീകൃതരീതിയിലുള്ള



ബലിയർപ്പണത്തിലൂടെ സഭയുടെ ഐക്യമാണ് വെളിവാകുന്നതെന്നും മേജർ ആർച്ച്ബിഷപ് ഉദ്ബോധിപ്പിച്ചു. സീറോമലബാർ ലിറ്റർജി കമ്മീഷൻ ചെയർമാൻ മാർ തോമസ് ഇലവനാൽ വെബിനാറിൽ സന്ദേശം നല്കി. പരിശുദ്ധ കുർബാന ദൈവജനത്തിന്റെ വിശ്വാസത്തിന്റെ വെളിപ്പെടുത്തലാണെന്നും കുർബാനായിലെ പ്രാർഥനകളും അടയാളങ്ങളും പ്രതീകങ്ങളും വിശ്വാസം പ്രഘോഷിക്കുന്നതിന് സഹായകരമാണെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഓക്സ്ഫോഡ് യൂണിവേഴ്സിറ്റി പ്രഫസറും പ്രസിദ്ധ സുറിയാനി പണ്ഡിതനുമായ ഡോ. സെബാസ്റ്റ്യൻ ബ്രോക്ക് വെബിനാറിൽ പ്രധാന പ്രമേയം അവതരിപ്പിച്ചു. പൗരസ്ത്യസുറിയാനി അനാഫൊറകളിലുള്ള മിശിഹാ വിജ്ഞാനീയത്തെ പറ്റിയായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം. ലിറ്റർജി കമ്മീഷൻ ചെയർമാൻ മാർ തോമസ് ഇലവനാൽ, കമ്മീഷൻ സെക്രട്ടറി റവ. ഡോ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, അസിസ്റ്റന്റ് സെക്രട്ടറി റവ. ഡോ. ജേക്കബ് കിഴക്കേവീട്, റവ. ഡോ. പോളി മണിയാട്ട് തുടങ്ങിയവർ വിഷയങ്ങൾ അവതരിപ്പിച്ചു. ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ, കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ തുടങ്ങിയവർ വിവിധ സെഷനുകളിൽ അദ്ധ്യക്ഷത വഹിച്ചു. സി. നിർമൽ എം.എസ്.ജെ, ഡോ. മനോജ് എബ്രാഹം, സെന്റർ ലിറ്റർജി കമ്മിറ്റിയിലെ അംഗങ്ങൾ തുടങ്ങിയവർ വെബിനാറിന് നേതൃത്വം നല്കി.

സീറോമലബാർ വിഷനിലേക്ക് രൂപതാ / സമർപ്പിതസമൂഹ വാർത്തകൾ അയക്കാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ഐഡിയിലേക്ക് മെയിൽ അയക്കുകയോ, നമ്പറിലേക്ക് വാട്ട്സാപ്പ് മെസേജ് അയക്കുകയോ ചെയ്യാവുന്നതാണ്.

**email: syromalabarvision@gmail.com**
**whatsapp: +91 8089552280**

**സീറോമലബാർ വിഷൻ**

SYRO MALABAR
APOSTOLIC VISITATION
**EUROPE**

# യൂറോപ്യൻ അപ്പസ്തോലിക് വിസിറ്റേഷനിൽ സിനഡാലിറ്റി പ്രവർത്തനങ്ങൾക്ക് തുടക്കം

ഡബ്ലിൻ: 2023 ൽ വത്തിക്കാനിൽ നടക്കുന്ന ആഗോള കത്തോലിക്കാ സഭ സിനഡിന്റെ ഭാഗമായുള്ള സീറോമലബാർ യൂറോപ്യൻ അപ്പസ്തോലിക് വിസിറ്റേഷൻ പ്രവർത്തനങ്ങൾക്ക് ഡബ്ലിനിൻ തുടക്കമായി. അപ്പസ്തോലിക് വിസിറ്റേറ്റർ ബിഷപ് മാർ സ്റ്റീഫൻ ചിറപ്പണത്ത് ഉദ്ഘാടനം നിർവഹിച്ചു. സിനഡിന്റെ പ്രമേയമായ കൂട്ടായ്മയും പങ്കാളിത്തവും ദൗത്യവും കുടുംബങ്ങളിൽനിന്ന് ആരംഭിക്കണമെന്ന് മാർ സ്റ്റീഫൻ ചിറപ്പണത്ത് ആഹ്വാനം ചെയ്തു. കുടുബാംഗങ്ങൾ പരസ്പരം ശ്രവിക്കാൻ തയ്യാറായാൽ ഒരുമയോടെ മുന്നേറാൻ സാധിക്കും. സിനഡൽ ചർച്ച് എന്നത് നിത്യജീവനിലേയ്ക്കുള്ള ഒരുമിച്ചുള്ള യാത്രയായതിനാൽ ഒപ്പം നിൽക്കുന്നവരേയും എതിർസ്വരങ്ങളും ശ്രവിച്ചുവേണം സഭാപ്രവർത്തനങ്ങൾ നടത്തേണ്ടതെന്നും ബിഷപ് പറഞ്ഞു.



കുട്ടികൾക്കായുള്ള ചെറുപുഷ്പ മിഷൻലീഗിന്റെയും, തിരുബാലസഖ്യത്തിന്റെയും ഡബ്ലിൻ സോണൽ തല ഉദ്ഘാടനവും ചടങ്ങിൽ നടന്നു. ഫെറ്റർകെയ്ൻ ചർച്ച് ഓഫ് ഇൻകാർനേഷനിൽ നടന്ന ചടങ്ങിൽ സീറോ മലബാർ നാഷണൽ കോർഡിനേറ്റർ റവ. ഡോ. ക്ലമന്റ് പാടത്തിപറമ്പിൽ, കാറ്റിക്കിസം ഡയറക്റ്റർ ഫാ. റോയ് വട്ടക്കാട്ട്, സഭായോഗം, സോണൽ കമ്മറ്റി ഭാരവാഹികൾ, വിവിധ ഭക്തസംഘടനാ ഭാരവാഹികൾ, കാറ്റിക്കിസം കുട്ടികൾ തുടങ്ങിയവർ സംബന്ധിച്ചു.

മറ്റ് രാജ്യങ്ങളിലെ വിശ്വാസികൾക്കായി ചടങ്ങുകളുടെ ഓൺലൈൻ സംപ്രേക്ഷണവും ഒരുക്കിയിരുന്നു. വിപുലമായ പ്രവർത്തനങ്ങളാണ് അപ്പസ്തോലിക് വിസിറ്റേഷനിൽ ഒരുക്കിയിരിക്കുന്നത്.

**THUCKALAY**
EPARCHY

# Devasahayam Pillai to Become a Saint on 15 May 2022

Thuckalay: Devasahayam Pillai and six other Blessed will be canonized on 15th May 2022. The announcement was made by the Congregation for the Causes of Saints on November 9th Tuesday.



It was followed by the Ordinary Public Consistory of 3rd May 2021, whereby the Pope had authorized the canonizations, without setting a date for the ceremony due to the health emergency caused by the Covid-19 pandemic.

Blessed Lazarus (Devasahayam Pillai), known as Devasahayam, was a member of the Nair caste in South India. He was converted to Catholicism by a Jesuit priest in 1745. Devasahayam Pillai took the name Lazarus when he became a Christian.

In his preaching, he particularly insisted on the equality of all peoples, despite caste differences. This aroused the hatred of the higher classes and he was arrested in 1749. After enduring increasing hardships, he received the crown of martyrdom when he was shot on 14 January 1752.

# Bajrangarh Mission Station of Ujjain Eparchy

**UJJAIN**
EPARCHY

Ujjain: Bajrangarh Mission in Ujjain eparchy utilized the unusual situation of the Covid pandemic to help and change the people. Schools were closed and village children had no scope and place for quality education. They came to the mission station in search of tuition and knowledge. They were like sheep without a shepherd. Children from Harigarh, Bajrangarh and Derikheda came for the tuition classes.



Mission officials accommodated the students with the intention of imparting moral values that emerge from Christian principle along with knowledge. Importing of the moral values have changed them and moulded their character. These children have created a positive energy in the villages. The villagers are cooperating to the efforts of the children. Children are trying to stop the eating of gutka and smoking cigarettes. The children also try to become messengers of peace. The tension and quarrels in the villages have comparatively reduced.



# Seminar Conducted for Principals and Managers in Sagar Eparchy

**SAGAR**
EPARCHY

Sagar: A seminar for Principals and managers of the schools in the Eparchy of Sagar was arranged at Pastoral Centre, Sagar on 6th November. The seminar began with the introductory message by Mar James Athikalam, Bishop of Sagar Eparchy. Many Priests and Nuns were present for the seminar.



Rev. Fr. Varghese Alengaden, the resource person of the seminar enlightened the participants with his views and insights focusing on 'our response to the challenges of our time'. Rev. Fr. Anil Francis thanked the department of education for having organized this pertinent seminar.

# Mercy on Wheels by Samaritan Ministry in Mandya Eparchy

**MANDYA**
EPARCHY

Bangalore: Mercy on Wheels by Samaritan ministry is a movement of Mandya Eparchy to support the suffering. Services provided by the Samaritan Ministry are assisting the bedridden, or those who shut in the four walls due to various medical conditions, help the sick and who look forward to recover, down with the stroke. Mar Sebastian Adayanthrath, Bishop of Mandya, flagged off the 'Mercy on Wheels' on 11th November 2021 at St Thomas forane church, Dharmaram.

The mission was started with two sisters, travelling to those homes and being with them. Each forane coordinator of samaritan ministry schedule the visits in parishes under their respective foranes, in consultation with parish coordinators. These parish coordinators take the sisters and vounteers to the beneficiaries and offer the service. The team try to shift the needy to better caring places.

The Samaritan ministry join their hands with Pious associations, secular associations, hospitals and religious congregations. Ministry's ambulance will be ready for shifting the serious patients to the hospitals during the night, if the request is processed through parish coordinators.



കോട്ടയം അതിരൂപത

# പ്രേഷിത കുടിയേറ്റ പാരമ്പര്യം ജ്വലിപ്പിക്കണം: മാർ മാത്യു മൂലക്കാട്ട്

കോട്ടയം: പ്രേഷിത കുടിയേറ്റ പാരമ്പര്യവും, വിശ്വാസ ചൈതന്യവും കൂടുതൽ ജ്വലിപ്പിക്കണമെന്ന് കോട്ടയം അതിരൂപത ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട്. അതിരൂപതയിലെ അൽമായ വനിതാ സംഘടനയായ ക്നാനായ കാത്തലിക് വിമൺസ് അസോസിയേഷന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് മുന്നോടിയായി നടന്ന നേതൃസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ക്നാനായ സമുദായത്തെ വിശ്വാസത്തിലും ഐക്യത്തിലും പ്രേഷിത ചൈതന്യത്തിലും മുന്നോട്ടുനയിക്കുന്ന മാതൃകാ



അമ്മമാരാകാൻ ഓരോ കെ സി ഡബ്ല്യു എ അംഗത്തി നും കഴിയണമെന്നും പിതാവ് കൂട്ടിച്ചേർത്തു.

തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടന്ന യോഗത്തിൽ കെ സി ഡബ്ല്യു എ പ്രസിഡന്റ് ലിൻസി രാജൻ വടശ്ശേരിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ആമുഖ സന്ദേശം നൽകി. കെ സി ഡബ്ല്യു എ മുൻ പ്രസിഡന്റ് ഡോ. മേഴ്സി ജോൺ, സെക്രട്ടറി ഷൈനി സിറിയക്, ട്രഷറർ എൽസമ്മ സക്കറിയ, വൈസ് പ്രസിഡന്റ് പെണ്ണമ്മ ജെയിംസ്, ജോയിന്റ് സെക്രട്ടറി ജിജി ഷാജി എന്നിവർ പ്രസംഗിച്ചു.

ക്നാനായ കാത്തലിക് വിമൺസ് അസോസിയേഷന്റെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ സംഗമത്തിൽ പങ്കെടുത്തു. കെ സി ഡബ്ല്യു എ സുവർണ്ണ ജൂബിലി വർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് യോഗത്തിൽ അന്തിമരൂപം നൽകി. കെ സി ഡബ്ല്യു എ സുവർണ്ണ ജൂബിലി വർഷത്തിന് തുടക്കം കുറിച്ചത് നവംബർ 26നാണ്.

പാലാ രൂപത

# കൂട്ടിക്കലിന്റെ വീണ്ടെടുപ്പിന് പാലാ രൂപത പ്രതിജ്ഞാബദ്ധം: മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: പ്രകൃതിക്ഷോഭത്തിൽ വീടും വീട്ടുപകരണങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ടവരെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാൻ പാലാ രൂപത പ്രതിജ്ഞാബദ്ധമാണെന്ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. പ്രകൃതി ദുരന്തത്തിൽ അകപ്പെട്ട കുടുംബങ്ങൾക്ക് പാലാ രൂപതയുടെ കൂട്ടിക്കൽ മിഷൻ നൽകിയ അതിജീവന കിറ്റുകളുടെ വിതരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്.



കൂട്ടിക്കലിന്റെ പുനർനിർമ്മിതിക്ക് സാധ്യമായ എല്ലാ സഹായങ്ങളും നൽകാൻ ഓരോരുത്തർക്കും കടമയുണ്ടന്നും ബിഷപ് ഓർമ്മിപ്പിച്ചു. പ്രകൃതി ദുരന്തത്തിൽ അകപ്പെട്ട കുടുംബങ്ങൾക്ക് ആശ്വാസം പ്രദാനം ചെയ്തു കൊണ്ട് സജീവമായി പ്രവർത്തിക്കുന്ന പാലാ രൂപതയുടെ കൂട്ടിക്കൽ മിഷൻ അംഗങ്ങളെ ബിഷപ് അഭിനന്ദിച്ചു.

നാനാജാതി മതസ്ഥരായ 171 കുടുംബങ്ങൾക്കാണ് പാലാ രൂപതയുടെ വിവിധ ഇടവകകളിൽ നിന്ന് സമാഹരിച്ച ഗൃഹോപകരണങ്ങൾ, ഗ്യാസ് സ്റ്റൗ, കട്ടിൽ, ബെഡ്, പഠനോപകരണങ്ങൾ, സാനിറ്റേഷൻ ഐറ്റംസ് എന്നിവ ഉൾപ്പെടുന്ന അതിജീവന കിറ്റുകൾ വിതരണം ചെയ്തത്. കൂട്ടിക്കൽ മിഷൻ കോ ഓർഡിനേറ്റർ മോൺ. ജോസഫ് മലേപറമ്പിൽ, ഫൊറോന വികാരി ഫാ. ജോസഫ് മണ്ണനാൽ, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, എസ് എം വൈ എം രൂപതാ ഡയറക്ടർ ഫാ. സിറിൾ തോമസ് തയ്യിൽ, ജോർജ് ജെ മാത്യു, ഫാ. തോമസ് ഇല്ലിമൂട്ടിൽ, ഫാ. കുര്യാക്കോസ് വടക്കേ തകിടിയിൽ, ഫാ. മാത്യു പീടികയിൽ, ഫാ. ജോമോൻ മണലേൽ, മദർ സുപ്പീരിയർ സി. സലോമി, മാത്യു പുറപ്പന്താനം തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# കൊളേത്താമ്മയുടെ 'ദൈവദാസി' പ്രഖ്യാപനം

കോട്ടയം: പാല രൂപതയിലെ മണിയംകുന്ന് തിരുഹൃദയ ഇടവകയിൽ ഭാഗ്യസ്മരണാർഹയായ കൊളേത്താമ്മയുടെ 'ദൈവദാസി' പ്രഖ്യാപനത്തോടനുബന്ധിച്ച് നടന്ന സമൂഹബലിയിൽ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സമൂഹബലി മധ്യേ വത്തിക്കാനിൽ നിന്നുള്ള ഔദ്യോഗിക അറിയിപ്പും രൂപതാദ്ധ്യക്ഷന്റെ വിജ്ഞാപനവും രൂപത ചാൻസലർ റവ. ഡോ. ജോസ് കാക്കല്ലിൽ വായിച്ചു. തുടർന്ന് കബറിടത്തിൽ ബിഷപ് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കൊളേത്താമ്മ താമസിച്ചിരുന്ന മുറിയും പിതാവ് സന്ദർശിച്ചു.



പാലക്കാട് രൂപത

# 'ക്യൂ – ലാമിക്സ്' ഉദ്ഘാടനവും ലോഗോ പ്രകാശനവും

മുണ്ടൂർ: യുവക്ഷേത്ര കോളേജ് കൊമേഴ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച 'ക്യൂ – ലാമിക്സ്' ക്വിസ് ക്ലബിന്റെ ഉദ്ഘാടനവും ലോഗോ പ്രകാശനവും ഡയറക്ടർ റവ. ഡോ. മാത്യു ജോർജജ് വാഴയിൽ നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. ടോമി ആന്റണി അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പൽ റവ. ഡോ. ലാലു ഓലിക്കൽ, കൊമേഴ്സ് വിഭാഗം മേധാവി ഡോ. മെറ്റിൽഡ ഡാനി, വിദ്യാർത്ഥിനി നന്ദന നാരായണൻകുട്ടി തുടങ്ങിയവർ സംസാരിച്ചു.



BIJNOR EPARCHY

# Bijnor Eparchy's Helping Hands to Uttarakhand



Bijnor: In collaboration with Sneha Charitable Foundation, Bangalore, The Eparchy of Bijnor extended helping hands to the Covid 19 second wave affected families of Garhwal regions of Uttarakhand. Around 4500 members of 1250 families were benefitted. Rev. Fr. Jijo Mani coordinated the activities along with the help of Fathers and Sisters in the mission stations of the Eparchy. The charitable activities were initiated in September and October 2021 after conducting a survey in the villages.



സീറോമലബാർ വിഷൻ
EDITORIAL BOARD

PATRON
MAJOR ARCHBISHOP CARDINAL MAR GEORGE ALENCHERRY

ADVISORY BOARD
MAR JOSEPH PAMPLANY
CHAIRMAN, MEDIA COMMISSION
MAR SEBASTIAN VANIYAPURACKAL
EPISCOPAL MEMBER, MEDIA COMMISSION
MAR PAULY KANNOOKADAN
EPISCOPAL MEMBER, MEDIA COMMISSION

CHIEF EDITOR
FR. ALEX ONAMPALLY
SECRETARY, MEDIA COMMISSION

ASSOCIATE EDITOR
FR. ABRAHAM KAVILPURAYIDATHIL
PRO, VICE-CHANCELLOR

MANAGING EDITOR
FR. SEBY KOLANGARA
EXECUTIVE DIRECTOR, INTERNET MISSION

SUB EDITOR
MR. THEOPHINE

STAFF EDITOR
MRS. SUJAMOL JOSE

ONLINE EDITOR
MR. EBY THOMAS

CONSULTANTS
DR. KOCHURANI JOSEPH
DR. CHACKO KALAMPARAMBIL
DR. MARY REGINA F.
MR. SIJO AMBATT

DESIGN & LAYOUT
JOSEMON VAZHAYIL
MUMBAI

ചങ്ങനാശേരി അതിരൂപത

# മാക് റേഡിയോ – ചങ്ങനാശ്ശേരി അതിരൂപതയുടെ പുതിയ സംരംഭം

ചങ്ങനാശ്ശേരി: ലോകമെങ്ങുമുള്ള വിശ്വാസികൾക്കായി ചങ്ങനാശ്ശേരി അതിരൂപതയിലെ മാധ്യമ പ്രേഷിത വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന പുതിയ സംരംഭമാണ് മാക് റേഡിയോ. വൈവിധ്യമാർന്ന ആത്മീയ പരിപാടികളിലൂടെ വിശ്വാസികളെ സഭയോട് ചേർത്തു നിർത്തുകയാണ് ഈ ഓൺലൈൻ വേദിയുടെ ലക്ഷ്യം.




ആത്മീയ പരിപാടികൾക്ക് മാത്രമായുള്ള മാക് റേഡിയോ, മീഡിയ അപ്പസ്തോലേറ്റ് ടീമംഗങ്ങളുടെ നേതൃത്വത്തിൽ നവംബർ 28 മുതലാണ് പ്രക്ഷേപണം ആരംഭിക്കുന്നത്. MY PARISH എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ മാക് റേഡിയോ എല്ലാവരുടെയും വിരൽ തുമ്പിലെത്തും. കേൾക്കാം സാക്ഷ്യമാകാം എന്നതാണ് മാക് റേഡിയോയുടെ ആപ്തവാക്യം.

കാഞ്ഞിരപ്പള്ളി രൂപത

# പ്രളയബാധിതർക്ക് കൈത്താങ്ങായി കാഞ്ഞിരപ്പള്ളി രൂപതയുടെ പുനരധിവാസ പദ്ധതി 'റെയിൻബോ-2021'

കാഞ്ഞിരപ്പള്ളി: 'റെയിൻബോ – 2021' സഹായ പദ്ധതിക്ക് കാഞ്ഞിരപ്പള്ളി രൂപതയുടെ നേതൃത്വത്തിൽ തുടക്കമായി. ഉരുൾപൊട്ടലും, മിന്നൽ പ്രളയവും മൂലം തലമുറകളുടെ അധ്വാനവും സമ്പാദ്യവും ഒഴുകിപ്പോയ കോട്ടയം, ഇടുക്കി ജില്ലകളിലെ വിവിധ പ്രദേശങ്ങളുടെ പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും ലക്ഷ്യമിട്ടുള്ളതാണ് പദ്ധതി.

Rainbow 2021
Eparchy of Kanjirapally
Gen: 9/ 8-17

വീട് നഷ്ടപ്പെട്ടവർക്ക് പുനരധിവാസത്തിനും അറ്റകുറ്റ പണികൾ നടത്താനുമുള്ള സഹായം, നഷ്ടങ്ങളുണ്ടായവരെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാൻ വിവിധ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗ മായി നടപ്പിലാക്കുന്നുണ്ട്.

രൂപതയുടെയും ഇടവകകളുടെയും സ്ഥലങ്ങളിൽ അനുയോജ്യമായവ കണ്ടെത്തിയും, സുമനസുകൾ സംഭാവനയായി നൽകുന്ന സ്ഥലങ്ങൾ സ്വീകരിച്ചും പുനരധിവാസ ഭവനനിർമ്മാണ പദ്ധതിക്കായി രൂപത ഒരു ഭൂനിധി രൂപീകരിക്കുന്നുണ്ട്. വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് സുരക്ഷിതമായ സ്ഥലം കണ്ടെത്തി വീടുകൾ നിർമ്മിക്കാൻ പദ്ധതി തയ്യാറായി വരുന്നു. പുനരധിവാസ പദ്ധതികളുടെ രൂപരേഖ കാഞ്ഞിരപ്പള്ളി രൂപത ബിഷപ് മാർ ജോസ് പുളിക്കൽ സമ്മേളനത്തിൽ അവതരിപ്പിച്ചു.

എല്ലാം നഷ്ടപ്പെട്ടവർക്ക് ആശ്വാസവും സഹായവുമായി രൂപതയിലെ സന്യാസ സമൂഹങ്ങളും, അത്മായ സംഘടനകളും, ഇടവകകളും, സ്ഥാപനങ്ങളും, സുമനസുകളായ വ്യക്തികളും രംഗത്തെത്തിയിട്ടുണ്ട്.

അടിയന്തിര സാഹചര്യത്തെ നേരിടാൻ രൂപത വിഭാവനം ചെയ്യുന്ന ഭവന നിർമ്മാണ പുനരധിവാസ പദ്ധതിയിൽ സ്ഥലം, സാമഗ്രികൾ, സാമ്പത്തികം ഉൾപ്പെടെ നൽകി സഹകരിക്കണമെന്ന് വിശ്വാസി സമൂഹത്തോട് മാർ ജോസ് പുളിക്കൽ ആഹ്വാനം ചെയ്തു.

രാമനാഥപുരം രൂപത

## Pre-Synodal Assembly 2021-2023 Inauguration in Ramanathapuram Eparchy







CHICAGO EPARCHY

# Dedication of the New Annex Building to the Bishop's House in Chicago Eparchy

Chicago: Mar Jacob Angadiath Bishop of Chicago Eparchy, dedicated the new Annex Building to the Bishop's House on October 26, 2021. Mar Jacob Angadiath led the dedication prayers along with Auxiliary Bishop Mar Joy Alappatt, Vicar Generals, and other priests.

In his homily, Mar Jacob Angadiath commended all those who envisioned the project and worked diligently to complete it. "We're not just blessing a building, we are blessing the work that is gone into actually making this a reality," Mar Angadiath said.

The Annex building project was completed as a monument for Bishop Mar Jacob Angadiath's 50th year of Sacerdotal Ordination, 20th year of his Episcopacy and 20th year of the establishment of the eparchy.



The new Annex building will host separate rooms for the seminarians, priests, and guests, including a beautiful chapel and other rooms.

The St. Thomas Syro-Malabar Catholic Eparchy of Chicago in the last 20 years, by the grace of God, accomplished many milestones under the leadership of Mar Jacob Angadiath. The eparchy now has 51 parishes and 33 mission centers, more than 75 full time priests. The Syro-Malabar Faithful numbering near 100,000 across the United States; 4 priests ordained from among the first-generation Indian American diaspora and 7 seminarians in different stages of training.

A vibrant Sunday School program with more than 10,000 children and approximately 2500 teachers, an active youth apostolate, pro-life movement, CML, and other activities help with spiritual growth.

JAGDALPUR EPARCHY

# Maria Sangh One Day Convention in Jagdalpur Eparchy



Jagdalpur: The Maria Sangh of Jagdalpur Eparchy organized a one day convention for its members for the preparation of the Golden Jubilee of the Eparchy. The convention was held at St. Alphonsa's Church Bijapur from 9th to 10th October 2021. The convention was begun with the procession of the Holy Bible. 219 participants from different Parishes were participated in the convention.

The convention was lead by Rev. Frs. Sajan, Santhosh, Tijo, Alan and Ajin and Rev. Sisters from MSMI and SH Congregations. The convention was concluded with the Holy Eucharistic celebration by Mar Joseph Kollamparampil, the Bishop of Jagdalpur. The programme was well arranged under the guidance of Fr. Jins, the director of Maria Sangh.

# ഷംഷാബാദ് രൂപത ബിഷപ് ഹൗസ് 'സാന്തോം പ്രേമലയ' വെഞ്ചരിപ്പും ഉദ്ഘാടനവും

ഷംഷാബാദ് രൂപത

ഷംഷാബാദ്: സീറോമലബാർ ഷംഷാബാദ് രൂപത ബിഷപ് ഹൗസ് ആയ 'സാന്തോം പ്രേമലയ'യുടെ വെഞ്ചരിപ്പും ഉദ്ഘാടനവും നവംബർ 21 ഞായറാഴ്ച നടന്നു. സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവാണ് ചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. വെഞ്ചരിപ്പിനോടനുബന്ധിച്ച് നടന്ന ദിവ്യബലിയിൽ ഹൈദരാബാദ് ആർച്ച് ബിഷപ് റവ. പൂളാ അന്തോണി വചന സന്ദേശം നൽകി.

തിരുക്കർമ്മങ്ങൾക്ക് ശേഷം നടന്ന പൊതുസമ്മേളനം കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. രൂപതയുടെ വിസ്താരത്തിലല്ല, മറിച്ച് ദൈവജനത്തിന്റെ മനസ്സിന്റെ വിസ്താരത്തിനാണ് സീറോമലബാർ സഭ പ്രാധാന്യം കൊടുത്തിരിക്കുന്നത് എന്നതിന്റെ തെളിവാണ് ഷംഷാബാദ് രൂപതയുടെ വളർച്ചയെന്ന് കർദിനാൾ പറഞ്ഞു. വിശാഖ പട്ടണം ആർച്ച് ബിഷപ് റവ. പ്രകാശ് മല്ലവരപ്പു അദ്ധ്യക്ഷത വഹിച്ചു. ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ രൂപതയിലെ വിവിധ പ്രവർത്തന മേഖലകളെ പരിചയപ്പെടുത്തി.







തൃശൂർ അതിരൂപത ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, തെലുങ്ക് റീജിയണൽ ബിഷപ്സ് കൗൺസിൽ പ്രസിഡന്റ് ബിഷപ് മോസസ് പ്രകാശം, ബ്രഡങ്കപേട്ട് മുനിസിപ്പൽ കോർപ്പറേഷൻ മേയർ ശികിരിന്ത പാരിജാത റെഡ്ഡി എന്നിവർ ആശംസകൾ നേർന്നു. രൂപത വികാരി ജനറാൾ മോൺ. അബ്രഹാം പാലത്തിങ്കൽ, പാസ്റ്റൽ കൗൺസിൽ സെക്രട്ടറി അഡ്വ. പി സി ചാക്കോ തുടങ്ങിയവർ സംസാരിച്ചു. അദിലാബാദ് രൂപതാദ്ധ്യക്ഷൻ മാർ പ്രിൻസ് ആൻറണി പാണേങ്ങാടൻ, ഉജ്ജയിൻ ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ, നൽഗോണ്ട അഡ്മിനിസ്ട്രേറ്റർ മോൺ. മാർണേനി ബാലസ്വാമി, ടി സി ബി സി ഡെപ്യൂട്ടി സെക്രട്ടറി മോൺ. ജോസഫ് അരൾഗദ്ദ തുടങ്ങിയവർ പങ്കെടുത്തു.

# Silver Jubilee of Thuckalay Eparchy

THUCKALAY EPARCHY

Thuckalay: The Silver Jubilee celebration of Thuckalay Eparchy came to a close on 14th November 2021 with solemn Holy Qurbana being celebrated simultaneously in every parish. The main thanks giving Holy Qurbana was concelebrated by Major Archbishop Cardinal Mar George Alenchery, at Little Flower Forane church Manjalumoodu. Mar George Alenchery was the first Bishop of Thuckalay Eparchy.

Bishops Mar Joseph Perumthottam (Archbishop of Changanassery), Mar Thomas Tharayil (Auxiliary Bishop of Changananassery), and Mar George Rajendran (Bishop of Thuckalay) were also celebrated the Holy Qurbana along with Cardinal Mar George Alenchery.

The Jubilee concluded with a public function after the Holy Qurbana. The dignitaries from Catholic fraternity of Kanyakumari District, Bishop Vincent Mar Paulose, Rev. Dr. Peter Remigius, Rev. Fr. Hillarius, Rev. Fr. Yesu Rathinam were also joined the function. Mar. George Rajendran welcomed the dignitaries. Cardinal Mar George Alenchery delivered presidential cum valedictory address. He was happy to recall his Episcopal Ministry in the Eparchy.















മിസ്സിസ്സാഗ രൂപത

# Eparchial Phase of Synod in Mississauga Eparchy

Mississauga: Mar Jose Kalluvelil, Bishop of Mississauga, officially launched the Eparchial phase of the Synod 2021-2023 on November 20. The inaugural function was held through Zoom meeting and about 85 members representing the Eparchy's Pastoral Council and Finance Council, various departmental heads, Trustees of the parishes and missions, and the parish council members across Canada attended the function.

In the inaugural address, Bishop Mar Jose Kalluvelil, explained about the Synod and the role of the Eparchy of Mississauga in Canada. He stated that the Synod 2021-2023 is an exceptional two-year journeying together with God and His Church.



In the subsequent meeting, the eminent scholars and resource persons from India, Rev. Dr. Thomas Vadakkel (Secretary, CBCI Office for Doctrine and Assistant Professor, Paurastya Vidyapitham, Vadavathoor), and Rev. Fr. Sebastian Chalackal (Professor, Paurastya Vidyapitham, Vadavathoor) gave orientation sessions on the topic "For a synodal Church: communion, participation, and mission". Rev. Fr. Pathros Champakkara, Fr. Augustine Kallumkatharayil, Mr. Saji George, and Dr. Tibu Thomas addressed the meeting.

After the seminar, Bishop Mar Jose Kalluvelil formed a seven-member Eparchial Synodal Team for the Eparchial level coordination of the Synod 2021-2023. The team consists of a priest, a religious woman, and five lay members from the Syro-Malabar community.

The lay representatives of the committee are Dr. Tibu Thomas (Edmonton), Mr. Saji George (Mississauga), Mrs. Sheeja Niju (Ottawa), Mr. Jerin Raj (Youth/SMYM-Canada). This committee will be headed by Rev. Fr. Augustine Kallumkatharayil, Eparchial Contact person for the synodal process.

## സഭാ വാർത്തകൾ

# ദരിദ്രരുടെ ശുശ്രൂഷ സഭയുടെ മുഖമുദ്ര: മാർ ആലഞ്ചേരി

തൊടുപുഴ: സ്നേഹവും കരുണയും പങ്കു വയ്ക്കുന്നിടത്ത് ദൈവ സാന്നിധ്യമുണ്ടാകുമെന്ന് സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാന പ്രകാരം ആഗോള തലത്തിൽ നടത്തുന്ന പാവങ്ങളുടെ ദിനാചരണത്തിൻറെ ഭാഗമായി സീറോമലബാർ സഭ പ്രോ-ലൈഫ് അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ മൈലക്കൊമ്പ് ദിവ്യരക്ഷാലയത്തിൽ നടന്ന സ്നേഹസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഭ പാവങ്ങളുടെയും ദരിദ്രരുടേതുമാണെന്ന സന്ദേശമാണ് ഇത്തരം ശുശ്രൂഷകളിലൂടെ ആവർത്തിക്കപ്പെടുന്നത്. ദിവ്യരക്ഷാലയം പോലെയുള്ള ഭവനങ്ങളുടെ സേവനം മാതൃകാപരമാണെന്നും കർദിനാൾ പറഞ്ഞു.



സഭ ദരിദ്രരുടെ പക്ഷത്താണെന്ന് ചടങ്ങിൽ അനുഗ്രഹപ്രഭാഷണം നടത്തിയ കോതമംഗലം രൂപതാധ്യക്ഷൻ ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പറഞ്ഞു. പി.ജെ.ജോസഫ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തി.

സീറോമലബാർ സഭയുടെ ഫാമിലി, ലെയ്റ്റി ആൻഡ് ലൈഫ് കമ്മീഷൻ ജനറൽ സെക്രട്ടറി ഫാ. ആൻറണി മൂലയിൽ, മൈലക്കൊമ്പ് സെൻറ് തോമസ് ഫൊറോന പള്ളി വികാരി ഫാ. മാത്യു കാക്കനാട്ട്, പ്രോ-ലൈഫ് അപ്പോസ്റ്റലേറ്റ് എക്സിക്യൂട്ടീവ് സെക്രട്ടറി സാബു ജോസ്, ഫെഡറേഷൻ ഓഫ് മെൻറലി ഡിസേബിൾഡ് സെക്രട്ടറി സന്തോഷ് ജോസഫ്, ബ്രദർ മാവുരൂസ് മാളിയേക്കൽ, ലൗവ് ഹോം രക്ഷാധികാരി മാത്തപ്പൻ കടവൂർ, കെസിബിസി പ്രോ-ലൈഫ് സമിതി ആനിമേറ്റർ സിസ്റ്റർ മേരി ജോർജ് എഫ്സിസി, ബേബി ചിറ്റിലപ്പള്ളി, ടോമി മാത്യു, ബെന്നി ഓടയ്ക്കൽ തുടങ്ങിവർ പ്രസംഗിച്ചു.

SISTERS OF
KRISTU DASIS

# ജീവൻ പകുത്തു നൽകി സമർപ്പിത ജീവിതത്തിന്റെ നേർസാക്ഷ്യം

കൊച്ചി: കാരുണ്യത്തിന്റെ കരുതലുമായി അവയവ ദാനത്തിലൂടെ സാഹോദര്യ സ്നേഹത്തിന്റെ മാതൃകയായിരിക്കുകയാണ് ക്രിസ്തുദാസി സന്യാസ സമൂഹാംഗമായ സിസ്റ്റർ ഷാന്റി മാങ്കോട്ട്. ക്രിസ്റ്റീൻ ധ്യാനം, വചന പ്രഘോഷണം, കൗൺസിലിങ് എന്നിവയിലൂടെ അനേകരെ കൈ പിടിച്ചുയർത്തിയ സിസ്റ്റർ ഷാന്റി ഇപ്പോൾ സ്വന്തം ജീവിതത്തിലൂടെയാണ് സാക്ഷ്യം നൽകുന്നത്.

എറണാകുളം ലിസി ആശുപത്രിയിൽ വെച്ചാണ് സിസ്റ്റർ ഷാന്റി മാങ്കോട്ട് ഡയാന എന്ന പെൺകുട്ടിക്ക് കിഡ്നി പകുത്തു നൽകിയത്. രണ്ടു പേരും സുഖം പ്രാപിച്ചു വരുന്നു.

1999-ൽ ക്രിസ്തുദാസി സമൂഹത്തിൽ വ്രതവാഗ്ദാനം നടത്തിയ സിസ്റ്റർ ഷാന്റിക്ക് മാനന്തവാടി രൂപതയിലെ ചുണ്ടക്കര ഇടവകയിൽ ശുശ്രൂഷ ചെയ്യുന്നതിനിടെയാണ് ഈ ജീവകാരുണ്യ പ്രവൃത്തി ചെയ്യാൻ അവസരം ലഭിക്കുന്നത്. ഈ കാലഘട്ടത്തിൽ ഇങ്ങനെയൊരു സാക്ഷ്യം നൽകാൻ സാധിച്ചതിന്റെ സന്തോഷത്തിലും അഭിമാനത്തിലുമാണ് സിസ്റ്റർ ഷാന്റിയും എസ് കെ ഡി സന്യാസിനി സമൂഹവും.

ക്രിസ്തുദാസി സന്യാസിനി സമൂഹത്തിൽ നിന്ന് അവയവ ദാനം നടത്തുന്ന മൂന്നാമത്തെ ആളാണ് സിസ്റ്റർ ഷാൻറി



മാങ്കോട്ട്. സിസ്റ്റർ ജെനി ചൂരപുഴയിൽ, സിസ്റ്റർ ബിനു മണിയില എന്നിവർ നേരത്തേ കിഡ്നി ദാനം ചെയ്തിട്ടുണ്ട്.

SH
CONGREGATION

# കഷ്ടതയനുഭവിക്കുന്ന കുടുംബങ്ങൾക്ക് കൈത്താങ്ങായി തിരുഹൃദയ സന്യാസിനി സമൂഹം

കാഞ്ഞിരപ്പള്ളി: കോവിഡ് മഹാമാരിയും പ്രളയ ദുരിതങ്ങളും മൂലം കഷ്ടതയനുഭവിക്കുന്ന കുടുംബങ്ങൾക്കായി തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ ഒട്ടേറെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കഷ്ടതയനുഭവിക്കുന്ന കുടുംബങ്ങൾക്ക് തിരുഹൃദയ സന്യാസിനി സമൂഹത്തിലെ കാഞ്ഞിരപ്പള്ളി വിമലാ പ്രൊവിൻസിന്റെ നേതൃത്വത്തിൽ ഭക്ഷ്യ വസ്തുക്കളും, വസ്ത്രങ്ങ



ളും, സാമ്പത്തിക സഹായവും വിതരണം ചെയ്തു.

കാഞ്ഞിരപ്പള്ളി വിമലാ പ്രൊവിൻസിന്റെ ഭാഗമായ വിമൽ ജ്യോതി സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് സഹായങ്ങൾ എത്തിച്ചു നൽകിയത്. സാമൂഹ്യക്ഷേമ വിഭാഗം കൗൺസിലർ സിസ്റ്റർ ട്രീസയുടെ നേതൃത്വത്തിലാണ് കഷ്ടതയനുഭവിക്കുന്ന ഏറ്റവും അർഹരായ കുടുംബങ്ങളെ കണ്ടെത്തി സഹായങ്ങൾ വിതരണം ചെയ്തത്.

ഇതു കൂടാതെ സ്വന്തമായി ഭവനമില്ലാത്ത 9 നിർധന കുടുംബങ്ങൾക്ക് കാരുണ്യഭവനങ്ങളും നിർമ്മിച്ചു നൽകി. ഇക്കഴിഞ്ഞ നാളുകളിൽ മഴയിലും ഉരുൾപൊട്ടലിലും നാശനഷ്ടങ്ങളുണ്ടായ അഴങ്ങാട് ഇടവകയിൽ തിരുഹൃദയ സന്യാസിനി സമൂഹത്തിലെ സിസ്റ്റർമാർ നേരിട്ടെത്തി അവിടെ ഹോം മിഷൻ നടത്തി അവരുടെ പ്രയാസങ്ങൾ ശ്രവിക്കുകയും അവർക്കായി പ്രാത്ഥിക്കുകയും ചെയ്തു.

കോവിഡ് 19 മഹാമാരി മൂലം താൽകാലികമായി നിർത്തിവെച്ചിരുന്ന, പെൺകുട്ടികളുടെ ഉന്നമനത്തിനായുള്ള സാഫല്യ, മദ്യപാനം നിർത്തിയ കുടുംബനാഥന്മാരുടെ കൂട്ടായ്മയായ മോചനാ ഗ്രൂപ്പ് എന്നിവ പുനരാരംഭിച്ച് ആവശ്യമായ സഹായങ്ങൾ ചെയ്തു വരുന്നു.

സി. എസ്. എം.
കോൺഗ്രിഗേഷൻ

# സി എസ് എം കോൺസ്റ്റിറ്റ്യൂഷൻ ധ്യാനം

തൃശൂർ: സി എസ് എം കോൺസ്റ്റിറ്റ്യൂഷൻ ധ്യാനം ഒക്ടോബർ 31 മുതൽ നവംബർ 7 വരെ നടന്നു. മണ്ണംപേട്ട സി എസ് എം കൃപാ ഭവൻ ജനറലേറ്റിൽ നടന്ന ധ്യാനത്തിൽ 40 സിസ്റ്റർമാരാണ് പങ്കെടുത്തത്. ഫാ. റാഫേൽ ആവണക്കുംപറമ്പിൽ സി എം ഐ ധ്യാനം നയിച്ചു.

SABS
CONGREGATION

# രണ്ട് എസ്.എ.ബി.എസ് സന്യാസിനികൾ ബ്രസീൽ മിഷനിലേക്ക്

ആലുവ: എസ് എ ബി എസ് ജനറലേറ്റിന് കീഴിൽ ബ്രസീൽ മിഷനിലേക്ക് രണ്ട് സിസ്റ്റർമാർ യാത്ര പുറപ്പെട്ടു. സി. ജൂലി ജോൺ ചാത്തനാട്ട്, സി. ജ്യോതി ചെമ്പകശ്ശേരി എന്നിവരാണ് 2021 നവംബർ 17ന് മിഷൻ പ്രവർത്തനത്തിനായി പുറപ്പെട്ടത്. പ്രാർത്ഥനാനിർഭരമായ ആശംസകൾ നേർന്നാണ് മറ്റു സിസ്റ്റർമാർ ഇരുവരെയും യാത്രയാക്കിയത്.



സി. എം. സി.
കോൺഗ്രിഗേഷൻ

# സുവിശേഷ സന്ദേശ പദയാത്ര യജ്ഞവുമായി സി എം സി സിസ്റ്റേഴ്സ്

എറണാകുളം: സത്യദൈവത്തെ തിരിച്ചറിയാതെ പരിഭ്രാന്തരായി പായുന്ന ദൈവമക്കളെ സത്യത്തിന്റെ പാതയിലേക്ക് നയിക്കാൻ ലക്ഷ്യമിട്ട് സി എം സി സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ശുശ്രൂഷയാണ് സുവിശേഷ സന്ദേശ പദയാത്ര യജ്ഞം. ഈശോയും ശിഷ്യൻമാരും ചെയ്തതു പോലെ ഗ്രാമങ്ങളും നഗരങ്ങളും ചുറ്റി സഞ്ചരിച്ച് നൻമ ചെയ്തും, ദൈവരാജ്യം പ്രഘോഷിച്ചും, സന്യാസത്തിന്റെ പൂർണതയിലേക്ക് വളരാനുള്ള പരിശ്രമം കൂടിയാണിത്.

ഇന്ത്യയിലുടനീളം സുവിശേഷവുമായി പോകണമെന്ന ലക്ഷ്യത്തോടെ 2018 ജനുവരി 3ന് സി എം സി സഭാ സ്ഥാപകനായ വിശുദ്ധ കുര്യാക്കോസ് ചാവറ പിതാവിന്റെ തിരുനാൾ ദിനത്തിലാണ് സിസ്റ്റർമാർ സുവിശേഷ സന്ദേശ പദയാത്രാ യജ്ഞത്തിന് തുടക്കം കുറിച്ചത്. എറണാകുളം- അങ്കമാലി അതിരൂപതയുടെ വടക്കൻ അതിർത്തിയിലെ തുരുത്തിപ്പുറത്തു നിന്നുമാണ് ഈ സുവിശേഷ യാത്ര ആരംഭിച്ചത്. എറണാകുളം- അങ്കമാലി, ഇടുക്കി, തലശ്ശേരി തുടങ്ങിയ രൂപതകളിലെ എല്ലാ ഇടവകകളിലൂടെയും നടന്ന് വഴിയിൽ കണ്ടുമുട്ടിയ നാനാജാതി മതസ്ഥരായ 25,000 സഹോദരങ്ങളുമായി വചനം പങ്കുവെച്ചു.

പതിനായിരത്തിലധികം വീടുകൾ സന്ദർശിച്ച് അനേകരുടെ സങ്കടങ്ങൾ ശ്രവിച്ച് അവരെ ആശ്വസിപ്പിച്ചു. മദ്യത്തിനും, മയക്കുമരുന്നിനും, യുക്തിവാദത്തിനും അടിമപ്പെട്ട് ആത്മനാശത്തിന്റെ വഴിയിലായ അനേകരെ മാനസാന്തരത്തിലേക്കും, വിശ്വാസവും സ്നേഹവും നിറഞ്ഞ കൂദാശാ ജീവിതത്തിലേക്കും തിരികെ കൊണ്ടുവന്നു.

2019 മെയ് മാസത്തിൽ അരുണാചൽ പ്രദേശിലേക്ക് പോയി. അവിടെ 20 ഇടവകകളും 320 ഗ്രാമങ്ങളും സന്ദർശിച്ച് 7000 വീടുകൾ കയറിയിറങ്ങി. അവരുടെ മുളവീടുകളിൽ താമസിച്ച് സുവിശേഷം പങ്കുവെച്ചു. മരണം മുന്നിൽ കണ്ടുള്ള അരുണാചൽ പ്രദേശിലെ യാത്രകളിൽ കൊടും ചൂടിലും, മഞ്ഞിലും, മഴയിലും, ഒരു രോഗവും അപകടവും വരുത്താതെ കർത്താവ് സംരക്ഷിച്ചതായി സിസ്റ്റർമാർ സാക്ഷ്യപ്പെടുത്തുന്നു. 2021 ഫെബ്രു



വരി മുതൽ ഇന്ത്യയുടെ ധാന്യപ്പുരയായ പഞ്ചാബിലാണ് ഈ ശുശ്രൂഷ നടന്നു വരുന്നത്. ഒരു പൈസ പോലുമില്ലാതെ മുഴുവൻ ആശ്രയവും വിശ്വാസവും ദൈവത്തിൽ അർപ്പിച്ച് നടന്നു നീങ്ങിയപ്പോഴും ഒരു കുറവുമില്ലാതെ ദൈവം സഭാംഗങ്ങളെ പോറ്റി.

ASMI CONGREGATION

# ജൂബിലി നിറവിൽ എ എസ് എം ഐ സന്യാസിനിമാർ

ചേർത്തല: അമലോൽഭവ മാതാവിന്റെ അസ്സീസി സന്യാസിനീ സമൂഹത്തിലെ സഹോദരിമാർ തങ്ങളുടെ സന്യാസ സമർപ്പണത്തിന്റെ സുവർണ്ണ, രജത ജൂബിലികൾ ആഘോഷിച്ചു. നവംബർ 20 ശനിയാഴ്ച ചേർത്തല ഗ്രീൻ ഗാർഡൻസിലെ ദൈവദാസൻ ജോസഫ് കണ്ടത്തിൽ മെമ്മോറിയൽ ഹാളിലാണ് ജൂബിലി ആഘോഷ ചടങ്ങുകൾ നടന്നത്.

സീറോമലബാർ സഭ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ പിതാവ് കൃതജ്ഞത ബലിക്ക് മുഖ്യ കാർമികത്വം വഹിച്ചു. സുവർണ്ണ ജൂബിലിയും രജത ജൂബിലിയും ആഘോഷിക്കുന്ന സഹോദരിമാർ ദൈവത്തിനു നന്ദി പറഞ്ഞ് കൃതജ്ഞതാ ബലിയിൽ പങ്കു ചേർന്നു.



FCC CONGREGATION

# Newly Elected FCC General Team



**Superior General:** Mother Litty (Changanassery province). **General Councillors:** Sr. Rose Anitha (Thrissur province), Sr. Princy Rose (Bhopal province), Sr. Jyothis (Kothamamgalam province), Sr. Julie (Kanjirappally province), Sr. Mercy (Hazaribagh province), Sr. Josiya (Irinjalakuda province). **General Finance Officer:** Sr. Linda (Mananthavady province). **Secretary General:** Sr. Merlin (Jalandhar province)

ഡി. എസ്. റ്റി. കോൺഗ്രിഗേഷൻ

# സന്യാസ സമർപ്പണത്തിന്റെ രജത ജൂബിലി



ഭരണങ്ങാനം: ഡിഎസ്ടി സന്യാസിനി സമൂഹത്തിലെ 24-ാമത് ബാച്ചിലെ പത്ത് സഹോദരിമാരുടെ സന്യാസ സമർപ്പണത്തിന്റെ രജത ജൂബിലി ആഘോഷിച്ചു. ഭരണങ്ങാനം ജനറലേറ്റ് ഭവനത്തിൽ നവംബർ 16നാണ് ജൂബിലി ആഘോഷം നടന്നത്. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ ആഘോഷമായ ദിവ്യബലിയും തുടർന്ന് സ്നേഹവിരുന്നും നടന്നു.

MMB BROTHERS CONGREGATION

# മലബാർ മിഷനറി ബ്രദേഴ്സിന്റെ സ്നേഹാലയം റിഹാബിലിറ്റേഷൻ സെന്റർ

പട്ടിക്കാട്: മലബാർ മിഷനറി ബ്രദേഴ്സിന്റെ സെന്റ് തോമസ് പ്രൊവിൻസിനു കീഴിലുള്ള ജ്യോതി ആശ്രമത്തോട് ചേർന്ന് ഭിന്നശേഷിക്കാരായ സഹോദരങ്ങളെ പരിശീലിപ്പിക്കുന്നതിനും പരിചരിക്കുന്നതിനുമായി സ്നേഹാലയം റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു. തൃശൂർ അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം നിർവഹിച്ചു. മലബാർ മിഷനറി ബ്രദേഴ്സ് സുപ്പീരിയർ ജനറൽ റവ. ബ്രദർ ബാസ്റ്റിൻ കാരുവേലിൽ അദ്ധ്യക്ഷനായിരുന്നു.

സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. ബ്രദർ ജോസ് ചുങ്കത്ത് സ്വാഗതം ആശംസിച്ചു. പട്ടിക്കാട് ഫൊറോന വികാരി റവ. ഫാ. ജോൺ അയ്യങ്കാനയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. പാണഞ്ചേരി പഞ്ചായത്ത് പ്രസിഡൻറ് പി. പി. രവീന്ദ്രൻ മാസ്റ്റർ പ്രഥമാംഗങ്ങളെ സ്വീകരിച്ചു. കേരളാ ഗവൺമെൻറ് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ റവ. ഫാ. ലിജോ ചിറ്റിലപ്പിള്ളി ഔദ്യോഗിക അംഗീകാരപത്ര സമർപ്പണം നടത്തി. പട്ടിക്കാട് സി. ഐ. ഷുക്കൂർ എസ്., പാണഞ്ചേരി പഞ്ചായത്ത് മെമ്പർ ഷൈലജ വിജയകുമാർ, ഹോളി ഫാമിലി മൂവാറ്റുപുഴ പ്രൊവിൻസ് വികാർ പ്രൊവിൻഷ്യൽ സി. അൽഫോൺസ് മരിയ, സ്നേഹാലയം ഫ്രട്ടേണിറ്റി അംഗം മിനി ഭാസ്കരൻ എന്നിവർ ആശംസകൾ നേർന്നു. സ്നേഹാലയം റിഹാബിലിറ്റേഷൻ സെൻറർ മാനേജർ ബ്രദർ പോളി തൃശ്ശോക്കാരൻ നന്ദി പറഞ്ഞു.

സി. എം. ഐ. കോൺഗ്രിഗേഷൻ

# മാന്നാനം ആശ്രമ ദേവാലയത്തിന്റെ പുനർ കൂദാശാകർമ്മവും വിശുദ്ധപദവി പ്രഖ്യാപന വാർഷികവും

മാന്നാനം: വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്ന മാന്നാനം ആശ്രമ ദേവാലയത്തിന്റെ നവീകരണത്തിനു ശേഷമുള്ള കൂദാശാകർമ്മം നവംബർ 23ന് നടന്നു. വിശുദ്ധ ചാവറയച്ചന്റെയും വിശുദ്ധ എവുപ്രാസ്യമ്മയുടെയും വിശുദ്ധപദവി പ്രഖ്യാപനത്തിന്റെ ഏഴാം വാർഷിക ആഘോഷവും ഇതോടൊപ്പം നടത്തി.





വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള മാന്നാനം ആശ്രമ ദേവാലയത്തിൽ നടന്ന ചടങ്ങിൽ ചങ്ങനാശ്ശേരി അതിരൂപത ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം മുഖ്യ കാർമ്മികത്വം വഹിച്ചു. സീറോമലബാർ സഭയുടെ ആധുനിക ചരിത്രം ഉദ്ഘാടനം ചെയ്യപ്പെട്ടത് മാന്നാനത്താണെന്ന് ആർച്ച്ബിഷപ് സന്ദേശത്തിൽ പറഞ്ഞു. സി എം ഐ സഭാ പ്രിയോർ ജനറൽ, വികാർ ജനറൽ, ജനറൽ കൗൺസിൽ അംഗങ്ങൾ, പ്രൊവിൻഷ്യൽസ്, മാന്നാനം പ്രിയോർ, സി എം സി സഭയുടെ സുപ്പീരിയർ ജനറൽ, ജനറൽ കൗൺസിൽ അംഗങ്ങൾ, വൈദികർ, സിസ്റ്റേഴ്സ്, അൽമായർ, രാഷ്ട്രീയ സാമുദായിക സാംസ്കാരിക നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

സി. എം. സി. കോൺഗ്രിഗേഷൻ

# Relief Service by CMC Sisters in Nagaland

NAGALAND: A major fire accident occured at Khermahal, Dimapur – Nagaland in the late evening on 16th of November 2021. Around 100 Muslim families were lost their houses and belongings. The CMC sisters rendered Relief Service for these families and contributed 1000 kgs of rice for them.






OSH MEN
CONGREGATION

## ഒ എസ് എച്ച് ശതാബ്ദി ആഘോഷങ്ങൾക്ക് സമാപനം



കോട്ടയം: തിരുഹൃദയ ദാസ സമൂഹത്തിന്റെ (ഒ എസ് എച്ച്) ശതാബ്ദി ആഘോഷങ്ങൾക്ക് കോട്ടയം എസ് എച്ച് മൗണ്ടിൽ സമാപനമായി. ശതാബ്ദി സമാപനാഘോഷം കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. നൂറു വർഷത്തെ പ്രേഷിത പ്രവർത്തനത്തിലൂടെ തിരുഹൃദയ ദാസ സമൂഹം സഭയ്ക്കും സമൂഹത്തിനും നൽകിയ സേവനം വിലമതിക്കാനാവാത്തതാണെന്ന് ആലഞ്ചേരി പിതാവ് പറഞ്ഞു. കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ അദ്ധ്യക്ഷത വഹിച്ചു. വിജയപുരം രൂപത ബിഷപ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കേതേച്ചേരിൽ ശതാബ്ദി സന്ദേശം നൽകി. സമ്മേളനത്തിന് മുന്നോടിയായി എസ് എച്ച് മൗണ്ട് ആശ്രമ ദേവാലയത്തിൽ നടന്ന കൃതജ്ഞതാബലിയിൽ മാർ ജോസഫ് പണ്ടാരശ്ശേരിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

## ജോൺ കിഴക്കൂടൻ അച്ചന്റെ ചരമവാർഷികം

സി. എസ്. എം. കോൺഗ്രിഗേഷൻ

തൃശൂർ: സ്ഥാപക പിതാവായ ജോൺ കിഴക്കൂടൻ അച്ചന്റെ 61-ാം ചരമവാർഷിക ആചരണം നവംബർ 13ന് പൊന്നൂക്കര അസംഷൻ കോൺവെന്റിൽ നടന്നു. രാവിലെ 10.30ന് നടന്ന റാസ കുർബാനയ്ക്ക് ഫാ. സിറിയക് കണിച്ചായി, ഫാ. പോൾ പുളിക്കൽ, ഫാ. നിധിൻ എന്നിവർ കാർമ്മികത്വം വഹിച്ചു. ഫാ. ലോറൻസ് തൈക്കാട്ടിൽ വചന സന്ദേശം നൽകി.

ദിവ്യബലിക്ക് ശേഷം ഫാ. സിറിയക് കണിച്ചായി എഴുതിയ 'മർത്താത്മക സന്യാസയോഗം, സി എസ് എം നിയമാവലിയിൽ' എന്ന പുസ് തകം ഫാ. പോൾ പുളിക്കൻ പ്രകാശനം ചെയ് തു.



തുടർന്ന് സ്ഥാപക പിതാവ് ജോൺ കിഴക്കൂ ടൻ അച്ചനെക്കുറിച്ചുള്ള ഒരു വീഡിയോ ചിത്രവും പ്രദർശിപ്പിച്ചു.

## കോൺവൊക്കേഷനും സർട്ടിഫിക്കറ്റ് വിതരണവും സി എസ് എം കൃപാഭവൻ ജനറലേറ്റിൽ

തൃശ്ശൂർ: ബാച്ചിലർ ഓഫ് തിയോളജി ബിരുദ വിജയികളായവർക്കുള്ള കോൺവൊക്കേഷനും സർട്ടിഫിക്കറ്റ് വിതരണവും മണ്ണംപേട്ട സി എസ് എം



കൃപാഭവൻ ജനറലേറ്റിൽ നടന്നു. തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവാണ് ഉദ്ഘാടനം നിർവഹിച്ചത്.

ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തീയോളജി സെന്റർ ഡയറക്ടർ കൂടിയായ മാർ ജോസഫ് പാംപ്ലാനി പിതാവും അസി. ഡയറക്ടർ ഫാ. ടോം ഓലിക്കാരോട്ടും ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

26 സിസ്റ്റേഴ്സും 4 അല്മായ സഹോദരങ്ങളുമടക്കം 30 പേരാണ് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയത്.

സഭാ വാർത്തകൾ

# മതപരിവർത്തന നിരോധന നിയമത്തിന്റെ മറവിൽ വ്യാപിക്കുന്ന ക്രൈസ്തവ പീഡനം മതേതര ഇന്ത്യയ്ക്ക് അപമാനകരം: കെസിബിസി ഐക്യ-ജാഗ്രതാ കമ്മീഷൻ

കൊച്ചി: വിവിധ സംസ്ഥാനങ്ങൾ പാസാക്കിയിരിക്കുന്ന മതപരിവർത്തന നിരോധനനിയമത്തെ ദുരുപയോഗിച്ച്, കത്തോലിക്കാസഭയുടെ കീഴിലുള്ള വിവിധ സാമൂഹ്യസേവന സ്ഥാപനങ്ങൾക്കും, വൈദികർക്കും സന്യസ്തർക്കുമെതിരായി ചില രാഷ്ട്രീയമത സംഘടനകൾ അടിസ്ഥാനരഹിതമായി മതപരിവർത്തനാരോപണം ഉന്നയിക്കുകയും അധികാര ദുർവിനിയോഗം നടത്തി കള്ളക്കേസുകൾ രജിസ്റ്റർ ചെയ്യാൻ ഉദ്യോഗസ്ഥരെ നിരന്തരം നിർബന്ധിക്കുകയും ചെയ്യുന്ന സംഭവങ്ങൾ നിരവധിയാണ്. നിയമക്കുരുക്കിൽ അകപ്പെടുത്തി വൈദികരെയും സമർപ്പിതരെയും ജയിലിലടക്കാനും, വസ്തുവകകൾ കൈവശപ്പെടുത്താനുമുള്ള ഗൂഢാലോചനയുടെ ഭാഗമാണ് ഇത്തരം രാഷ്ട്രീയപ്രേരിതമായ വർഗീയ ശ്രമങ്ങളെന്ന് വ്യക്തമാണ്.

മധ്യപ്രദേശിലെ സാഗർ രൂപതയിലെ സിസ്റ്റേഴ്സ് ഓഫ് ജീസസ് സന്യാസിനീസമൂഹം നിർദ്ധനരായ പെൺകുട്ടികൾക്കായി വർഷങ്ങളായി നിയമാനുസൃതം നടത്തിവരുന്ന ഹോസ്റ്റൽ അടച്ചുപൂട്ടാൻ അധികാരികൾ നടത്തുന്ന നിയമവിരുദ്ധ ശ്രമം, സാഗറിലെ പിപ്പർഖേഡിയിൽ സി എം സി സന്യാസിനീസമൂഹം എയ്ഡ്സ് ബാധിതരായവരുടെ മക്കൾക്കു വേണ്ടി നടത്തിയ ക്യാംപിനെ തുടർന്ന് നേരിടേണ്ടിവന്ന അതിക്രമങ്ങളും നിയമനടപടികളും, സാഗർ രൂപതയുടെ തന്നെ അനാഥാലയത്തിനെതിരെ കഴിഞ്ഞയിടെ ഉയർന്ന വ്യാജ ആരോപണങ്ങളും രൂപതയുടെ സ്ഥലം പിടിച്ചെടുക്കാനുള്ള ശ്രമങ്ങളും, ഉത്തർപ്രദേശിലെ വാരണാസിയിൽ ഒക്ടോബർ മാസം പത്താം തിയ്യതി ട്രെയിൻയാത്രക്കായി എത്തിയ രണ്ട് ഉർസുലൈൻ ഫ്രാൻസിസ്കൻ സന്യാസിനിമാരും, മാർച്ച് പത്തൊമ്പതിന് ഝാൻസി റെയിൽവേ സ്റ്റേഷനിൽ വച്ച് ട്രെയിൻ യാത്രയിലായിരുന്ന രണ്ട് തിരുഹൃദയ സന്യാസിനിമാരും വർഗീയവാദികളുടെ അതിക്രമത്തിനിരയായതുമൊക്കെ അടുത്തകാലത്തുണ്ടായ പ്രതിഷേധാർഹവും മതേതര ഇന്ത്യയ്ക്ക് അപമാനകരവുമായ ചില സംഭവങ്ങളാണ്. പ്രസ്തുത വിഷയങ്ങളിൽ പലതിലും നിയമവിരുദ്ധ നടപടികൾ സന്യസ്തർക്കും സ്ഥാപനങ്ങൾക്കും എതിരെ സ്വീകരിക്കാൻ കടുത്ത രാഷ്ട്രീയസമ്മർദ്ദം തങ്ങൾക്കുമേലുണ്ട് എന്ന ഉദ്യോഗസ്ഥരുടെ വെളിപ്പെടുത്തൽ അതീവം ആശങ്കാജനകമാണ്.

നിർഭാഗ്യകരമായ ഇത്തരം സംഭവങ്ങളിൽ മതപരിവർത്തനശ്രമമാണ് കുറ്റമായി ആരോപിക്കപ്പെടുന്നത്. നിർബന്ധിത മതപരിവർത്തനം കത്തോലിക്കാസഭയുടെ നയമല്ലാതിരിക്കെതന്നെ, മതപരിവർത്തനം ആരോപിക്കപ്പെട്ട് അവർ അനുഭവിക്കേണ്ടിവരുന്ന അതിക്രമങ്ങളെകുറിച്ചും കള്ളകേസുകളുടെ പേരിൽ നേരിടേണ്ടി വരുന്ന നിയമനടപടികളെകുറിച്ചും സത്യസന്ധമായ ഉന്നതതല അന്വേഷണം ആവശ്യമാണ്. തീവ്രവർഗീയ പ്രസ്ഥാനങ്ങളുടെ സമ്മർദ്ദത്തിൻറെ ഫലമായുള്ളതോ, അവർക്ക് ദുരുപയോഗിക്കാൻ അവസരമൊരുക്കുന്നതോ, പൗരന്മാരുടെ ഭരണഘടനാപരമായ അവകാശങ്ങളെ നിഷേധിക്കുന്നതോ ആയിരിക്കരുത് മതപരിവർത്തന നിരോധന നിയമങ്ങൾ.

നിസ്വാർത്ഥമായി രാജ്യത്തുടനീളം സാമൂഹ്യസേവനം ചെയ്യുന്ന സമർപ്പിതരെയും അവരുടെ സ്ഥാപനങ്ങളെയും ശത്രുതാപരമായി സമീപിക്കുന്ന രീതിക്ക് മാറ്റമുണ്ടാകേണ്ടതുണ്ട്. രാജ്യത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളും സ്വാതന്ത്ര്യവും അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തയ്യാറാകണം. വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽ അനുദിനം വർദ്ധിച്ചുവരുന്ന വർഗ്ഗീയ അതിക്രമങ്ങളിൽ ഇടപെടാനും, മതേതരത്വവും മതസൗഹാർദ്ദവും പുനഃസ്ഥാപിക്കാനും ഭരണാധികാരികൾ മുൻകൈയെടുക്കണം.

## സിസ്റ്റർ ഫാബിയോള ഫാബ്രിയക്ക് കെസിബിസി മീഡിയ കമ്മീഷന്റെ ആദരം



കൊച്ചി: ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് മാതൃകയായി കൊച്ചിയുടെ മദർ തെരേസയെന്ന് അറിയപ്പെടുന്ന അപ്പസ്തോലിക്ക് സിസ്റ്റേഴ്സ് ഓഫ് കൊൽസലാത്ത സഭാംഗം സിസ്റ്റർ ഫാബിയോ ള ഫാബ്രിയക്ക് കെസിബിസി മീഡിയ കമ്മീഷന്റെ ആദരം.

പാലാരിവട്ടം പിഒസിയിൽ നടന്ന ചടങ്ങിൽ കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പാബ്ലാനി സിസ്റ്ററിനെ ആദരിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജെ പാലയ്ക്കാപ്പിള്ളി, ശ്രീ ജോൺ പോൾ, ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ, നടൻ ടിനി ടോം, ഫാ. മിൽട്ടൻ കളപ്പുര, ഫാ. അലക്സ് ഓണംപള്ളി, ഫാ. പ്രിയേഷ് കളരിമുറിയിൽ എന്നിവർ പ്രസംഗിച്ചു.

## പാപ്പാ: മതബോധനാദ്ധ്യാപകർക്കായി പ്രാർത്ഥിക്കാം

റോം: 'നമുക്കൊരുമിച്ച് ദൈവത്തിന്റെ വചനം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടിട്ടുള്ള മതബോധനാദ്ധ്യാപകർക്കായി പ്രാർത്ഥിക്കാം: പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അവർ ധൈര്യമതികളും സർഗ്ഗാത്മക സാക്ഷികളുമായി തീരട്ടെ'. നവംബർ മുപ്പതാം തിയതി ഇറ്റാലിയൻ, ഇംഗ്ലീഷ്, ഫ്രഞ്ച്, പോർച്ചുഗീസ്, സ്പാനിഷ്, ജർമ്മൻ, പോളിഷ്, ലാറ്റിൻ, അറബി എന്നീ ഭാഷകളിൽ #Praytogether #PrayerIntention ഹാഷ്ടാഗുകളോടു കൂടി പാപ്പാ ടിറ്റർ സന്ദേശം പങ്കുവച്ചു.


SYRO-MALABAR MEDIA COMMISSION, MOUNT ST. THOMAS, P.B. NO. 3110, KAKKANAD P.O., KOCHI - 682 030 | Email: syromalabarvision@gmail.com | Phone: +91 99461 62280
Disclaimer: The views and opinions in various articles expressed in this newsletter are solely those of the authors alone.